കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)630/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി: 04.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1, 2-2, 2-4 ഭാഗം 3-ലെ 3-4, 3-5, 3-20 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)630/2019 തീയതി: 04.05.2019

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.4.2017 മുതൽ 31.3.2018 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.18 മുതൽ 30.11.18 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി ഷീന കെ ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിത ടി എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമിത ടി എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി നിജു സി എസ് | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഇ.കെ.മല്ലിക | 1.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | കെ.എസ്.രാംദാസ് | 1.04.17 മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|
| ക്രമ നം. | പേര് | ഔദ്യോഗിക മേൽ വിലാസം | കാലയളവ് |
| 1 | രാമദാസ് കെ എസ് | സെക്രട്ടറി | 1.04.17 മുതൽ 31.03.18 വരെ |
| 2 | ലിപ്സി ജോസ് പി | അസി. സെക്രട്ടറി | 1.04.17 മുതൽ 31.03.18 വരെ |
| 3 | തങ്കരാജ് | അഗ്രി. ഓഫീസർ | 1.04.17 മുതൽ 31.03.18 വരെ |
| 4 | സുശീൽകുമാർ | വെറ്ററിനറി സർജൻ | 1.04.17 മുതൽ 31.03.18 വരെ |
| 5 | മുംതാസ് | മെഡി.ഓഫീസർ പി. എച്ച് .സി. | 1.04.17 മുതൽ 31.03.18 വരെ |
| 6 | രജിത | മെഡി.ഓഫീസർ ഹോമിയോ | 1.04.17 മുതൽ 31.03.18 വരെ |
| 7 | ഗീതദേവി പി.ജി | മെഡി.ഓഫീസർ ആയുർവേദം (ശാന്തിപുരം) | 1.04.17 മുതൽ 31.03.18 വരെ |
| 8 | മുഹാസ് കെ കരീം | മെഡി.ഓഫീസർ ആയുർവേദം (പനങ്ങാട്) | 1.04.17 മുതൽ 31.03.18 വരെ |
| 9 | ഗീത | വി.ഇ.ഒ (പനങ്ങാട്) | 1.04.17 മുതൽ 31.03.18 വരെ |
| 10 | ഹസീന | വി.ഇ.ഒ (ആല) | 1.04.17 മുതൽ 31.03.18 വരെ |
| 11 | രാജീവ് | വി.ഇ.ഒ (പി.വെമ്പല്ലൂർ സർക്കിൾ) | 1.04.17 മുതൽ 31.03.18 വരെ |
| 12 | ഹേമലത.പി.എൻ | ഐ.സി.ഡി.എസ്. | 1.04.17 മുതൽ |

| | | | |
|---|---|---|---|
| | | സൂപ്പർവൈസർ | 31.03.18 വരെ |
| 13 | ഓമന കെ ജെ | ഹെഡ്മിസ്ട്രസ് | 1.04.17 മുതൽ 31.03.18 വരെ |
| 14 | പ്രകാശൻ സി എസ് | അസി.എഞ്ചിനീയർ | 1.04.17 മുതൽ 07.11.17 F.N വരെ |
| 15 | ബിന്ദു | അസി.എഞ്ചിനീയർ | 07.11.17 A.N മുതൽ 14.11.17 F.N വരെ |
| 16 | അനുബേബി | അസി.എഞ്ചിനീയർ | 14.11.17 A.N മുതൽ 28.02.18 വരെ |
| 17 | ബിന്ദു.കെ.സി | അസി.എഞ്ചിനീയർ | 01.03.18 മുതൽ 31.03.18 വരെ |
| 18 | പ്രശാന്ത് | ഡയറി ഫാം ഇൻസ്പെക്ടർ | 1.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ലേലം നടത്തിപ്പ്-അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു | 2-1 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം:ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു | 2-2 |

| | | |
|---|---|---|
| | അപാകതകൾ | |
| 15 | കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം,പെർമ്മിറ്റ്-സങ്കേതം അപാകതകൾ | 2-3 |
| 16 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ | 2-4 |
| 17 | വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ | 2-5 |
| 18 | അനധികൃത കെട്ടിടങ്ങളുടെ ഫയൽ പരിശോധന -അപാകതകൾ | 2-6 |
| 19 | വാക്കൻസി റമിഷൻ -അപാകതകൾ | 2-7 |
| 20 | സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ അവലോകനം | 2-8 |
| ഭാഗം-3 | | |
| 21 | പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകകൾ -ഉപയോഗപ്പെടുത്തിയിട്ടില്ല | 3-1 |
| 22 | ഇ.എം.എസ് ഭവന പദ്ധതിക്കായി ആരംഭിച്ച സംയുക്ത അക്കൗണ്ട് – 143859/- രൂപ ബാലൻസ് നിലനിൽക്കുന്നു. | 3-2 |
| 23 | വള്ളിവട്ടം കടത്ത്- കനാൽ ഓഫീസറുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 3-3 |
| 24 | വെള്ളക്കരം ഇനത്തിൽ ഭീമമായ തുക അടവാക്കുന്നു-ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 3-4 |
| 25 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. | 3-5 |
| 26 | വാട്ടർ കണക്ഷൻ സബ്സിഡി ജനറൽ- 2015-16 ൽ ആരംഭിച്ച പദ്ധതി 2017-18 ൽ സ്പിൽ ഓവറാക്കി. | 3-6 |
| 27 | ലൈഫ് ഭവന പദ്ധതി - -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-7 |
| 28 | കിണർ റീചാർജ്ജ്-സബ്സിഡി ഇനത്തിൽ അധിക തുക നൽകി. | 3-8 |
| 29 | വാട്ടർ കണക്ഷൻ ജനറൽ- അധിക വരുമാനമുള്ള വ്യക്തിക്ക് സബ്സിഡി നൽകി. | 3-9 |
| 30 | സ്നേഹധാര പാലിയേറ്റീവ് പദ്ധതി-അപാകതകൾ | 3-10 |
| 31 | കാർഷികോൽപാദന വർധന ലക്ഷ്യമിട്ട് പദ്ധതികൾ-ഉൽപാദന വർധന ഉറപ്പ | 3-11 |

| | | |
|---|---|---|
| | വരുത്താൻ സംവിധാനമില്ല. | |
| 32 | തെങ്ങ് കൃഷി പുനരുദ്ധാരണം പദ്ധതി- രേഖകൾ ഹാജരാക്കണം. | 3-12 |
| 33 | പോത്തിൻ കുട്ടികളെ വാങ്ങി നൽകൽ- അപാകങ്ങൾ | 3-13 |
| 34 | കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി അപാകങ്ങൾ | 3-14 |
| 35 | കേരളോൽസവം - കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. | 3-15 |
| 36 | എസ്.എസ്.എ വിഹിതം നൽകൽ-ജനറൽ &എസ്.സി അപാകതകൾ | 3-16 |
| 37 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്തതിന് തുക ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു | 3-17 |
| 38 | തുല്യത പരീക്ഷ രേഖകൾ ഹാജരാക്കിയില്ല | 3-18 |
| 39 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-19 |
| 40 | തണൽ കേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർവാങ്ങൽ- ഉപയോഗിച്ചിട്ടില്ല.തണൽ കേന്ദ്രങ്ങളും നിഷ്ക്രിയ ആസ്തിയായി തുടരുന്നു. | 3-20 |
| 41 | വയോജന സംഗമം-പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവുകൾ | 3-21 |
| 42 | ഭിന്നശേഷിക്കാർക്ക് ഉപകരണ ക്യാമ്പ് -മെഡിക്കൽ ക്യാമ്പ് മാർഗ്ഗരേഖ പ്രകാരം നടത്തിയതിന്റെ രേഖകൾ ഇല്ല. | 3-22 |
| 43 | അങ്കണവാടി ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 3-23 |
| 44 | അങ്കണവാടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. | 3-24 |
| 45 | ആശ്രയ ചലഞ്ച് ഫണ്ട് -മരുന്നിനായി വകയിരുത്തിയ തുക ഫലപ്രദമായി ചെലവഴിക്കുന്നില്ല. | 3-25 |
| 46 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതികൾ- കാര്യക്ഷമതയില്ലാത്ത നിർവ്വഹണം- | 3-26 |

| | | |
|---|---|---|
| | അപാകതകൾ | |
| 47 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - പദ്ധതി തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ്ജ് ഈടാക്കുന്നു. | 3-27 |
| 48 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. പിഴ ഈടാക്കിയിട്ടില്ല. | 3-28 |
| 49 | മരാമത്ത് പ്രവൃത്തികൾ-അവലോകനം. | 3-29 |
| ഭാഗം-4 | | |
| 50 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 53 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 54 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |
| 56 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 57 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 60 | അനുബന്ധം-1 – ഓഡിറ്റ് സാക്ഷ്യപത്രം | |
| 61 | അനുബന്ധം-2 – ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 6.3.2018 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 239182970 രൂപയും ചെലവ് 244086360 രൂപയും ആയിരുന്നു.

കുറിപ്പ്:- 1994 ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(2) പ്രകാരം ബജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പ് വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശാദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ 5% ത്തിൽ കുറയാൻ പാടുള്ളതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പ്രതീക്ഷിത വരവിനേക്കാൾ അധികരിച്ച് ചെലവ് കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കി കാണുന്നത്. ഇത് സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|
| 31-07-2018 | 9.5.18 | 21.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.2018&21.6.2018 | കെ എസ് എടി എസ് ആർ (ഇ)3-1150/18(71) /12.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20406732 |
| വരവ് | 93518481 |
| ആകെ | 113925213 |
| ചെലവ് | 104648889 |
| നീക്കിയിരിപ്പ് | 9276324 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20999000 | 20999000 | 20544880 | 454120 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9902949 | 9902949 | 9604668 | 298281 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 10545000 | 10545000 | 8792981 | 1752019 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5705000 | 5705000 | 5381489 | 323511 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9862330 | 9862330 | 9861093 | 1237 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സ്റ്റേറ്റ് | | 0 | 1308854 | 1308854 | 1187023 | 121831 |
| സെൻട്രൽ | | 0 | 1356917 | 1356917 | 1356917 | 0 |
| സാക്ഷരത | | 0 | 105820 | 105820 | 105820 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 19230359 | 19230359 | 19230359 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13005 | 842039 | 855044 | 827126 | 27918 |
| | Material cost | 0 | 2451656 | 2451656 | 2451656 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)ICDS | | 1741364 | 1080839 | 2822203 | 1288100 | 1534103 |
| ബേട്ടി ബചാവോ ബേട്ടി പഠാവോ | | 0 | 41000 | 41000 | 13912 | 27088 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 109260 | 3229100 | 3338360 | 2913914 | 424446 |
| | ജില്ലാ പഞ്ചായത്ത് | 0 | 1710000 | 1710000 | 1675000 | 35000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 9619171 | 13335000 | 22954171 | 22521037 | 433134 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ) | 10251278 | 12832075 | 23083353 | 15144337 | 7939016 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | | 0 | 333333 | 333333 | 333333 | 0 |
| ജൈവവൈവിധ്യം | | 106400 | 0 | 106400 | 0 | 106400 |
| സമഗ്ര ആരോഗ്യ ഇൻഷുറൻസ് | | 0 | 9730 | 9730 | 9730 | 0 |
| വിമുക്തി | | 25000 | 12500 | 37500 | 17170 | 20330 |
| എൻ.ആർ.ഇ.ജി.എ.അവാർഡ് | | 0 | 20000 | 20000 | 0 | 20000 |
| കർഷക അവാർഡ് | | 300000 | 0 | 300000 | 200000 | 100000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 103876745 | 137 | 69561602 | 74 | 1 | 64.62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13005 | 842039 | 855044 | 827126 | 27918 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16778703 | 16778703 | 16778703 | 0 |
| Material cost | - | 2451656 | 2451656 | 2451656 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24720 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 3756800 | 313 |
| വിധവാപെൻഷൻ | 20556600 | 1869 |
| വാർദ്ധക്യകാലപെൻഷൻ | 29415300 | 2705 |
| വികലാംഗപെൻഷൻ | 4828900 | 448 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 894600 | 107 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 210000 | 7 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2018 3.15 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7918/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സുകളിൽ തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. യോഗ തീയതി, തീരുമാനങ്ങൾ എന്നിവ കൃത്യമായി എഴുതേണ്ടതും മിനിട്സിൽ ചെയർമാൻ ഒപ്പു വച്ച് ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

പർച്ചേസുകളിലും മറ്റും ഒറിജിനൽ ക്യാഷ് ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. തൻ വർഷം വാങ്ങിയ മുഴുവൻ ഇനങ്ങളും സ്റ്റോക്കിലെടുത്തത് സെക്രട്ടറി പരിശോധിച്ച് വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

പരിശോധന റിപ്പോർട്ടുകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകാണുന്നില്ല. ഓരോ അപേക്ഷകരുടെയും ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കമ്മറ്റിഅംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2018 | ഒക്ടോബർ 2018 | ലഭിച്ചില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.7.2015 | 2010-11മുതൽ 2014-15 വരെ | 29.9.2015 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "Liability in respect of stale cheque"എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ടി തുകകൾ stale cheque എന്ന ശീർഷകത്തിലേക്ക് രേഖപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തുക | തീയതി |
|---|---|---|---|
| TDCB, SN പുരം | 902067 | 500 | 7.12.15 |
| ,, | 902070 | 1000 | 7.12.15 |
| ,, | 903550 | 880 | 15.3.17 |
| ,, | 903717 | 450 | 12.4.17 |
| ,, | 902848 | 500 | 14.7.16 |
| SBT, Kodungallur | 406569 | 1250 | 7.10.17 |
| ,, | 790440 | 2000 | 11.12.17 |
| ,, | 790454 | 3500 | 19.12.17 |
| ,, | 790456 | 2000 | 19.12.17 |
| Total | | 12080 | |

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 3729465 | 3117354 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 3729465 | 3081499 |
| നോൺ റസിഡൻഷ്യൽ തൻവർഷം | | |
| വാർഷിക കണക്കുപ്രകാരം | 1942976 | 1764543 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1942976 | 1810995 |
| റസിഡൻഷ്യൽ കുടിശ്ശിക | | |
| വാർഷിക കണക്കുപ്രകാരം | 1497732 | 1320420 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1504223 | 1289799 |
| നോൺ റസിഡൻഷ്യൽ കുടിശ്ശിക | | |
| വാർഷിക കണക്കുപ്രകാരം | 2548276 | 1448768 |
| സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി | 1674008 | 1476256 |

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280100101-Prior Period income -property tax on residential buildings എന്ന ശീർഷകത്തിൽ 645212 രൂപയും 280100104 Prior Period income -property tax on non-residential buildings എന്ന ശീർഷകത്തിൽ 947082 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഇല്ല.

4..ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടക ഇനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

7.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net increase in cash and cash equivalents 11130408/- രൂപയാണ്. എന്നാൽ Net cash generated by operating investing financing activity പ്രകാരമുള്ള തുക 1003785/- രൂപയാണ്. അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ

പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം നടത്തിപ്പ്-അശ്രദ്ധമായി കൈകാര്യം ചെയ്യുന്നു

1) ശ്രീനാരായണപുരം മാർക്കറ്റിൽ കംഫർട്ട് സ്റ്റേഷൻ ഒഴികെ നിയമാനുസൃതപണം പിരിവുനടത്തുന്നതിനായി പഞ്ചായത്ത് ലേലം നടത്താറുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലേക്ക് 30.3.17 ന നടത്തിയ ലേലത്തിൽ ശ്രീ രജിൻ പൂത്തോട്ട് എന്ന വ്യക്തി 143000/- രൂപക്ക് ലേലം കൈക്കൊണ്ടെങ്കിലും ലേല നോട്ടീസിൽ ലേല സംഖ്യയുടെ 1/3 ലേലം ഉറപ്പിക്കുന്ന ഉടനേയും, 1/3 തുക ലേലം സ്ഥിരപ്പെടുത്തി എഗ്രിമെന്റ് വയ്ക്കുമ്പോഴും ബാക്കി തുക 30 ദിവസത്തിനുള്ളിൽ അടവാക്കണമെന്നുമുള്ള വ്യവസ്ഥ പാലിക്കാതെ ലേല തുകയുടെ ബാക്കി തുകയായ 1,13,000/- രൂപ 2018-19 ലേക്കുള്ള ലേലം നടത്തുവാൻ പഞ്ചായത്തു നിശ്ചയിച്ച 28.3.18 ൽ വന്ന അടവാക്കി കൊണ്ട് ലേലത്തിൽ പങ്കെടുക്കുകയും 99500/- രൂപക്ക് 2018-19 ലെ ലേലം കൈക്കൊള്ളുകയും ചെയ്തു. എന്നാൽ ലേലത്തുകയുടെ 1/3 ലേലം ഉറപ്പിക്കുന്ന ഉടനെ കെട്ടിവച്ചിട്ടില്ല. മാത്രുവുമല്ല ലേലം നിബന്ധനകൾക്ക് വിരുദ്ധമായി 31.3.2018ലെ 3(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി ലേലം അംഗീകരിച്ചിരിക്കുന്നു. ലേലം കൊണ്ട ടി വ്യക്തി 2017-18 ലേലത്തിൽ കരാർപത്രത്തിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. 28.3.18 ൽ നടത്തിയ 2018-19 വർഷത്തേക്കുള്ള ലേലം കൊണ്ട വ്യക്തിയുമായുള്ള (രജിൻ പൂത്തോട്ട്) കരാർ പത്രം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. കരാർ പത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തുക അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ടി മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ ഉപയോഗത്തിനായി പൈസ നിശ്ചയിച്ച ബോർഡ് പുറത്തുവച്ചിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ കാണുകയുണ്ടായി.എന്നാൽ ഈ കംഫർട്ട് സ്റ്റേഷൻ ഇതുവരെ പഞ്ചായത്ത് ലേലം ചെയ്തിട്ടില്ല.

ലേലം,വാടക എന്നിവ സംബന്ധിച്ച ബൈലോ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2) പി.എച്ച്.സി വെമ്പല്ലൂർ കോമ്പൌണ്ടിലുള്ള ചൂളമരം മുറിച്ചത്, കുന്നിവാകമരം, പേരമരം എന്നിവയുടെ 12.1.18 ൽ നടത്തിയ ലേലത്തിൽ ശ്രീ രവീന്ദ്രൻ മാങ്കറ എന്ന വ്യക്തി 17500/- രൂപക്ക് ലേലം കൈകൊള്ളുകയും(ലേലത്തുക 17500/-രൂപ ,GST 2186/-രൂപ,FDT 875/- രൂപ) 1000/- രൂപ നിരതദ്രവ്യവും ലേലത്തുകയുടെ 1/3 ഭാഗമായ 6000/- രൂപയും കെട്ടിവക്കുകയുമുണ്ടായി. എന്നാൽ ടി വ്യക്തിക്ക് 2/15.1.18 പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ലേലം അംഗീകരിച്ചു കൊണ്ട് ബാക്കി തുക ഒടുക്കുവാനും മരങ്ങൾ കൊണ്ടുപോകുവാനുമുള്ള കത്ത്, 17.7.18 ലെ തുടർകത്ത് എന്നിങ്ങനെ പഞ്ചായത്ത് കത്തുകൾ അയച്ചെങ്കിലും നാളിതുവരെ മരം കൊണ്ടുപോയിട്ടില്ല. ചൂള മരം മുറിച്ച വകയിൽ പഞ്ചായത്തിനു 4000/- രൂപ ചെലവു വന്നിട്ടുമുണ്ട്.പുനർലേലം നടത്തുവാനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്

3) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലെവലിംഗ് മെഷീൻ, ബാറ്ററികൾ, ടേബിൾ, ചെയറുകൾ, മാഗസിനുകൾ, പേപ്പറുകൾ എന്നിവ ലേലം ചെയ്ത വകയിൽ sale of Scrap ഇനത്തിൽ 11745 രൂപയും Sale of Waste Paper ഇനത്തിൽ 1032 രൂപയും വരവ് വന്നിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കിയതിൽ 117130104455/23.10.17 പ്രകാരം 9745/- രൂപ യാണ് മാരിയപ്പൻ എന്ന വ്യക്തിയുടെ പേരിൽ അടവാക്കിയതായി കാണുന്നത്. ലേലനോട്ടീസ് (എ1.2007/17 തീ.27.9.17) ൽ

7.10.17 ന് ക്വട്ടേഷൻ തുറക്കുന്ന വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. 2(9)/19.10.17 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ലേല ഡയറിയോ ലേലം/ക്വട്ടേഷൻ അംഗീകരിച്ച സെക്രട്ടറിയുടെ കുറിപ്പ്, മറ്റു വിവരങ്ങളോ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. സ്ക്രാപ്പ് ഇനത്തിലുള്ളവ ലേലം നടത്തുമ്പോൾ 1% TCS കൂടി ഈടാക്കേണ്ടതാണ്. ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

4) V/530 A എന്ന എസ് സി വനിതകെട്ടിടത്തിന്റെ ലേലം പ്രാവിന്റെ ശല്യം മൂലം ലേലത്തിൽ പങ്കെടുക്കാൻ ആളില്ലാത്തതു കാരണം നടത്തുകയുണ്ടായില്ല.ഇക്കാര്യത്തിൽ ലേലം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.പ്രാദേശിക പരിശോധനയിൽ(29.11.18) V/530 A, V/530 B എന്നീ കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി കെട്ടിടങ്ങൾ ലേലം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ൽ ലേലനിബന്ധനകൾ പാലിക്കപ്പെടാത്തതിനെ കുറിച്ച് പരാമർശിച്ചിട്ടും പ്രസ്തുത വിഷയം പഞ്ചായത്ത് കമ്മറ്റിയിലോ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ച ചെയ്തിട്ടില്ല എന്നാണു ഇതിൽ നിന്നു വ്യക്തമാകുന്നത്.

നികുതിയേതര വരുമാനങ്ങളിൽ നിന്ന് ആദായം ഉറപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ബൈലോവിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ട്രേഡ്സ് ലിസ്റ്റ് അപൂർണ്ണം:ഡി ആന്റ് ഒ ലൈസൻസ് നൽകൽ-പരിശോധന-മറ്റു അപാകതകൾ

I) ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച് ട്രേഡ്സ്, D&O രജിസ്റ്ററുകൾ, ഫയലുകൾ, സഞ്ചയ വിവിധ വിഭാഗ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ ലിസ്റ്റുകൾ എന്നിവ പരിശോധിച്ചതിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 21 വാർഡുകളിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നതായി കാണുന്നില്ല. സഞ്ചയ പ്രകാരം 2078 വാണിജ്യ വ്യവസായകെട്ടിടങ്ങളുള്ളതിൽ ഡി&ഒ ഡി.സി.ബി രജിസ്റ്റർ പ്രകാരം 653 സ്ഥാപനങ്ങളിൽ നിന്നാണ് ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡ്സ് ലിസ്റ്റ് പ്രകാരം 455 നികുതി അടവാക്കുന്ന വാർഡ് തിരിച്ചുള്ള നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ (സഞ്ചയപ്രകാരം) എണ്ണം 496 എന്നിങ്ങനെയാണ്.

സഞ്ചയ പ്രകാരം -നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കണക്ക്

വാണിജ്യ-വ്യവസായ കെട്ടിടങ്ങളുടെ വിവരം

| | |
|---|---|
| 100 $m^2$ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾ | 1967 |
| 100 $m^2$ നു മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾ | 77 |
| വ്യവസായ കെട്ടിടങ്ങൾ | 34 |
| ആകെ | 2078 |

മറ്റു സ്ഥാപനങ്ങളുടെ വിവരം

| | |
|---|---|
| ബാങ്കുകൾ | 2 |
| ഓഫീസ് കെട്ടിടങ്ങൾ | 147 |

| | |
|---|---|
| അസംബ്ലി കെട്ടിടങ്ങൾ | 17 |
| 200 $m^2$ നള്ളിൽ വരുന്ന ഗോഡൗണുകൾ | 6 |
| 200 $m^2$ നമുകളിൽ വരുന്ന ഗൊഡൌണുകൾ | 16 |
| ആശുപത്രികൾ | 5 |
| ആകെ | 193 |

II)വാർഡ് തിരിച്ചുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. താഴെ വിശദാംശം ചേർക്കുന്നു

| വാർഡ് | ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരം നികുതി അടക്കുന്ന നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 15 | 29 |
| 2 | 13 | 30 |
| 3 | 6 | 25 |
| 4 | 20 | 16 |
| 5 | 63 | 20 |
| 6 | 40 | 31 |
| 7 | 46 | 33 |
| 8 | 29 | 26 |
| 9 | 5 | 15 |
| 10 | 39 | 19 |
| 11 | 24 | 25 |
| 12 | 24 | 22 |
| 13 | 5 | 33 |
| 14 | 19 | 16 |
| 15 | 2 | 15 |
| 16 | 15 | 14 |
| 17 | 7 | 20 |
| 18 | 20 | 18 |
| 19 | 30 | 42 |
| 20 | 2 | 15 |
| 21 | 31 | 32 |
| ആകെ | 455 | 496 |

ട്രേഡേഴ്സ് രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്ററിൽ കെട്ടിട നമ്പരുകൾ രേഖ പ്പെടുത്തുന്നില്ല. വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു. ഇക്കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യപ്പെടുത്തേണ്ടതും ഡി&ഒ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി&ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233 കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

III)ഡി ആന്റ് ഒ ലൈസൻസ് ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 ൽ 39506 മാന്വൽ രസീതു ബുക്കിലെ 1-24 ക്രമ നമ്പറിലുള്ള രസീതുകൾ, 39520 മാന്വൽ രസീതു ബുക്കിലെ 1-3 ക്രമ നമ്പറിലുള്ള രസീതുകൾ എന്നിവ പ്രകാരം ഭക്ഷ്യശാല/ബേക്കറി അനുബന്ധ സ്ഥാപനങ്ങളുടെ ഫീൽഡ് പരിശോധനയിൽ സ്ഥാപനങ്ങളിൽ നിന്ന് വൃത്തിഹീന സാഹചര്യം/സാനിറ്ററി സർട്ടിഫിക്കറ്റ്/ഡി&ഒ ലൈസൻസ് അപര്യാപ്തത എന്നീ വിവിധ കാരണങ്ങളാൽ പിഴ അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്ക് നൽകിയ കെട്ടിടവും അതിൽ ഉൾപ്പെടുന്നു.(39506 മാന്വൽ രസീതു ബുക്കിലെ 22/11.8.17 രസീത്). കൂടാതെ പഞ്ചായത്ത് കെട്ടിടത്തിലേക്ക് മെയിൻ റോഡിൽ നിന്നു വരുന്ന വഴിയിൽ പേരില്ലാതെ പ്രവർത്തിക്കുന്ന ഉഴുന്നട നിർമ്മിക്കുന്ന സ്ഥാപനം വൃത്തിഹീനമായി സാഹചര്യത്തിൽ ഡി&ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ഓഡിറ്റ് ദിനങ്ങളിൽ കാണുകയുണ്ടായി. പഞ്ചായത്തിന്റെ കൺമുന്നിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഡി&ഒ ലൈസൻസ് ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ വാടകക്കരാർ പുതുക്കുന്ന സമയത്തു തന്നെ ഡി&ഒ ലൈസൻസെടുത്ത വിവരം ഉറപ്പുവരുത്തേണ്ടതാണ്.

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട് ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 13/29.11.18)

## 2-3 കെട്ടിട നിർമ്മാണങ്ങളുടെ ക്രമ വത്കരണം,പെർമ്മിറ്റ്-സങ്കേതം അപാകതകൾ

2017-18 വർഷത്തെ കെട്ടിടങ്ങളുടെ ക്രമവൽക്കരണ രജിസ്റ്റർ, കെട്ടിടങ്ങളുടെ ഫയലുകൾ പെർമിറ്റ് ഫീ,റഗുലറൈസേഷൻ ഫീ എന്നിവയുടെ, സാംഖ്യ ഹെഡ് വൈസ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

I)രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. (ബിൽഡിംഗ് ഏരിയ, റസിഡൻഷ്യൽ കൊമേഴ്സ്യൽ കെട്ടിടം എന്ന വിവരം, റഗുലറൈസ് ചെയ്ത തുകയുടെ വിവരം, കെട്ടിട നം. എന്നിവ)

II) 58 അപേക്ഷകൾ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതിൽ 39 കെട്ടിടങ്ങൾ നിർമ്മിച്ചതിൽ (പെർമിറ്റ് എടുക്കാതെ) റഗുലറൈസ് ചെയ്തു നൽകിയിട്ടുണ്ട്. ഇതിൽ 3 കെട്ടിടങ്ങൾ 'റസിഡൻഷ്യൻ $100m^2$ ന താഴെ' എന്ന കാരണത്താൽ റഗുലറൈസേഷൻ, പെർമിറ്റ് ഫീ ഈടാക്കാതെയാണ് കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുള്ളത്.

1. കെട്ടിട നംXIV/21B -മുഹമ്മദ് യൂസഫ് വലിയകത്ത്

   ഫയൽ നം A1/4425/17 തി. 12.4.17 ,30.59m2 ബിൽഡിംഗ്ഏരിയ

2. കെട്ടിട നംV/36A- ചന്ദ്രൻ കോലാട്ട്

   ഫയൽ നം A1/7479/17 തി.21.8.17, 95.49m2 ബിൽഡിംഗ് ഏരിയ

3. കെട്ടിട നം XVIII/153A-സദാനന്ദൻ പഴൂപറമ്പിൽ

   ഫയൽ നം A1-6661/17 തീ. 21.7.17, $89.05m^2$ബിൽഡിംഗ്ഏരിയ

എന്നാൽ കെട്ടിട നം 12/237A കുഞ്ഞാലിപറമ്പിൽ അബ്ദുൾ സമദ് ഭാര്യ ജാസ്മിൻ ($75m^2$ ബിൽഡിംഗ്ഏരിയ)എന്നിവർക്ക് വാസഗൃഹ വിഭാഗത്തിൽ റഗുലറൈസേഷൻ ഫീ 450/- ഈടാക്കിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല

കൂടാതെ കെട്ടിട നം 3/256A, സുധീർ മാമംഗലത്ത് ഫയൽ നം.A1-10314/28.11.17 ബിൽഡിംഗ് ഏരിയ $136.14m^2$ എന്നിവർക്ക് പെർമ്മിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവ ഈടാക്കാതെയാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്

സർക്കുലർ നം 229813/RD/2/15 ത.സ്വ.ഭ.വ തീ 11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിൽ അനുവാദം പുതുതായി നൽകേണ്ടതായ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീ കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കുറവ് പെർമിറ്റ് ഫീ ഈടാക്കേണ്ടതാണ്.

കൂടാതെ പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമ വത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന വ്യവസ്ഥ സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. ഇത്തരത്തിലുള്ള ന്യൂനതകൾ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ടുന്ന തുകയിൽ കുറവു വരുന്നതിന് കാരണമാകുന്നു.

<u>സങ്കേതം -അപാകതകൾ</u>

സങ്കേതം സോഫ്റ്റ് വേറിൽ പെർമിറ്റ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ തവണ ഫയൽ റിട്ടേൺ ചെയ്ത് പിന്നീടു വീണ്ടും സബ്മിറ്റ് ചെയ്ത് ഒടുവിൽ പെർമിറ്റ് അനുവദിക്കുമ്പോൾ കെട്ടിട നിർമ്മാണ എണ്ണം, ഫ്ലോർ എണ്ണം, ബിൽഡിംഗ് ഏരിയ, പെർമിറ്റ് ഫീ എന്നിവയിൽ മാറ്റം സംഭവിക്കുന്നുണ്ട് (സങ്കേതം ആപ്ലിക്കേഷൻ രജിസ്റ്റർ-ഉദാ.A1 8552/2017, A1 1107/2018, A1 10441/2018).സങ്കേതം -സാംഖ്യ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ സാഖ്യയിൽ ഫീ അടവാക്കുന്നതിൽ മേൽപറഞ്ഞ വ്യത്യാസമില്ല എങ്കിലും മേൽ ന്യൂനത ഇന്റഗ്രേറ്റ് ചെയ്യുന്നതിനു മുമ്പ് പരിഹരിക്കേണ്ടതാണ്.

## **2-4** <u>പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ–</u>

## അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കി നൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 17.4.17, 6.7.17, 10.8.17, 10.10.17, 10.1.18 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

| വാർഡ് | സഞ്ചയലിസ്റ്റ് പ്രകാരമുള്ള 2017-18 ൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ എണ്ണം | അപേക്ഷ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം (കെട്ടിട നമ്പറുകൾ) |
|---|---|---|
| I | 7 | 2(I/141,393) |
| II | 9 | ഇല്ല |
| III | 6 | 1(III/401) |
| IV | 13 | 1(IV/565) |
| V | 23 | 2(V/370,370A) |
| VI | 11 | 2(VI/80,456) |
| VII | 15 | 2(VII/307,106) |
| VIII | 8 | 1(VIII/491) |
| IX | 10 | ഇല്ല |
| X | 12 | ഇല്ല |
| XI | 11 | 1(XI/344) |
| XII | 9 | ഇല്ല |
| XIII | 21 | ഇല്ല |
| XIV | 19 | 1(XIV/471) |
| XV | 11 | 1(XV/277) |
| XVI | 11 | 1(XVI/316) |
| XVII | 10 | 1(XVII/84) |
| XVIII | 18 | ഇല്ല |
| XIX | 14 | 2(XIX/95,17) |
| XX | 10 | 1(XX/257) |
| XXI | 13 | 1(XXI/574) |
| ആകെ | 261 | 20 |

I)മേൽപ്പട്ടികയിൽ സഞ്ചയലിസ്റ്റിൽ ലഭ്യമാക്കിയിട്ടുള്ളതിൽ 57 എണ്ണം വാണിജ്യ, വ്യാവസായിക അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾ ആണ്. അപേക്ഷയില്ലാതെ, സാധൂകരണം ലഭിക്കാത്ത 241കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

II)സഞ്ചയയിലുള്ള XXI/574 കെട്ടിടത്തിനു പകരം XXI/575 കെട്ടിടത്തിന്റെ പൊളിച്ച നീക്കിയതിന്റെ അപേക്ഷയും പരിശോധന റിപ്പോർട്ടും ആണ് ഫയലിൽ ഉള്ളത്. അപേക്ഷയിൽ അപേക്ഷക രമണി എന്ന പേരിലും ഉടമ ഭവാനി നെൽപ്പിണി എന്ന പേരിലും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ ലിസ്റ്റിലുള്ള കെട്ടിട നമ്പർ ഉടമയുടെ പേര് സന്തോഷ് നെൽപ്പിണി എന്നാണ്. അപാകതകൾക്ക് വിശദീകരണം നൽകിയതിൽ ഉടമ രമണിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറുപടി തൃപ്തികരമല്ല.

സഞ്ചയയിലുള്ള, സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

III) കെട്ടിടനം XV/24,XVI/409,XX/83,XIX/220 എന്നീ കെട്ടിടങ്ങൾ മിനിറ്റ്സിലുൾപ്പെടുത്തി അംഗീകരിച്ചതാണെങ്കിലും സഞ്ചയലിസ്റ്റിൽ വന്നിട്ടില്ല. നടപടി സ്വീകരിക്കേണ്ടതാണ്.

IV) VI/80 എന്ന കെട്ടിടത്തിന് (ഉടമ സിസിലി പീറ്റർ മരോട്ടിക്കൽ) 2013-14 മുതൽ 2017-18 വരെയായി വാടകകുടിശ്ശിക 4885/- രൂപയുള്ളതായി പരിശോധന റിപ്പോർട്ടിൽ ഉണ്ടെങ്കിലും ഒഴിവാക്കി നൽകുന്നതു സംബന്ധിച്ച് സാധൂകരണം മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

V) XIX/469,VIII/379,VIII/95 എന്നീ കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതുമായി ബന്ധപ്പെട്ട അപേക്ഷകളും പരിശോധന റിപ്പോർട്ടുകളും ഉണ്ടെങ്കിലും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. അപേക്ഷയില്ലാതെ-സാധൂകരണമില്ലാതെ സഞ്ചയയിൽ നിന്ന് നീക്കം ചെയ്ത കെട്ടിടങ്ങൾക്ക് അപേക്ഷ പ്രകാരം ഫീൽഡ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി സാധൂകരണം വാങ്ങേണ്ടതാണ്. ഇത്തരം ഗുരുതരമായ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ്-അപാകതകൾ

വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 17.4.17,6.7.17,10.8.17,10.10.17 എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

I) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിക്കാതെ, അംഗീകാരം ലഭിക്കാത്ത അപേക്ഷകൾ സഞ്ചയയിൽ എൻട്രിയായി വന്നിട്ടുണ്ട്

1) വാർഡ് 1/347-ശ്രീജിത്ത് & അദേഴ്സ് കുറ്റിപറമ്പിൽ

2)വാർഡ് 2/175 A-ലത മേനോൻ രാമനെഴുത്ത്

3)വാർഡ് 3/280-സുമതി എരുമതുരുത്ത്

4)വാർഡ് 4/562-തങ്കമണിയമ്മ പള്ളക്കാട്ടിൽ

5)വാർഡ് 4/77-മനോഹരൻ തായംക്കോട്ട്

6)വാർഡ് 4/151-ഉണ്ണികൃഷ്ണൻ പുലപറമ്പിൽ

7)വാർഡ് 4/10-ശ്രീലത പി എസ് കിഴക്കുട്ട്

8)വാർഡ് 5/143-പോൾ മൂഞ്ഞേലി

9)വാർഡ് 6/224-തോമസ് മരോട്ടിക്കൽ

10)വാർഡ് 8/402-സൌദാമിനി മാമംഗലത്ത്

11)വാർഡ് 8/427-സിയാദ് കാട്ടകത്ത് പുത്തൻവീട്ടിൽ

12)വാർഡ് 9/403-ജയസേനൻ പടപറമ്പിൽ

13)വാർഡ് 20/369-വാസുകിഴക്കേവളപ്പിൽ

14)വാർഡ് 20/309 -ധനഞ്ജയൻ വാഴൂർ

15)വാർഡ് 21/432-ബാലകൃഷ്ണൻ മുറിയിൽ

a)മേൽ ലിസ്റ്റിൽവന്നിട്ടുള്ള 9/403 ജയസേനൻ പടപറമ്പിൽ എന്നവ്യക്തിയുടെ അപേക്ഷ വിമുക്തഭടൻമാരുടെ അപേക്ഷാ ഫയലിൽ കാണകയുണ്ടായില്ല. പകരം കെട്ടിടനമ്പർ 8/403 -പ്രേമാവതി ശങ്കരനാരായണൻ വലിയപറമ്പിൽ എന്ന വ്യക്തിയുടെ അപേക്ഷയിൽ പരിശോധന റിപ്പോർട്ട് എഴുതിയിരിക്കുന്നത് IX/403 കെട്ടിടനമ്പർ ഉടമ വലിയപറമ്പിൽ ശങ്കരനാരായണൻ നികുതി ഒഴിവാക്കുന്നത് സംബന്ധിച്ചാണ്. 9/403 കെട്ടിടം സഞ്ചയ ലിസ്റ്റിൽ വന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. എന്നാൽ 8/403 എന്ന കെട്ടിടം വിമുക്തഭടന്മാരുടെ നികുതിയിളവിൽ ഉൾപ്പെടുത്തി സഞ്ചയയിൽ വന്നിട്ടില്ല. സോഫ്റ്റ്‌വെയർ അപാകതയാണെങ്കിൽ പരിഹരിക്കേണ്ടതാണ്.

b)കെട്ടിടനമ്പർ 4/77,4/562,21/432 എന്നിവയൊഴികെയുള്ള മറ്റു കെട്ടിടങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. മേൽ കെട്ടിടങ്ങളുടെ ഫയലുകൾ, നികുതി ഒഴിവാക്കിയവിവരം (സഞ്ചയ) എന്നിവ ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ അപേക്ഷകളിൽ പലതിനും സത്യവാങ് മൂലമോ സാക്ഷ്യപത്രമോ പരിശോധന അംഗീകരിച്ചതായോ എഴുതിയിട്ടില്ല

c)സഞ്ചയലിസ്റ്റിൽ 4/548 കെട്ടിടത്തിനു (ഗിരിജ, മേൽവിലാസ വിവരമില്ല) നികുതി ഒഴിവാക്കിയതായി കാണുന്നു. എന്നാൽ അപേക്ഷയിൽ 4/549 എന്ന കെട്ടിടത്തിനു (കുട്ടികൃഷ്ണമേനോൻ പള്ളക്കാട്ടിൽ) ആണ് ഒഴിവാക്കുന്നതിന് കമ്മറ്റിയിൽ അംഗീകാരം ലഭിച്ചിട്ടുള്ളത് (തീരുമാനം 5/17.4.17). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയതിൽ മേൽ പറഞ്ഞ വ്യക്തി 4/548 നമ്പർ കെട്ടിടത്തിലാണ് താമസിക്കുന്നത് എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്. പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതും കമ്മിറ്റിയിൽ വച്ച് സാധൂകരണം വാങ്ങുന്നതും അശ്രദ്ധയോടെയാണ് കൈകാര്യം ചെയ്യുന്നത്.

d)12/476A എന്ന കെട്ടിടത്തിനു (ഉണ്ണി കിഴക്കുട്ടയിൽ) അധിക സ്ക്വയർ ഫീറ്റിനു ($190m^2$-$185.8m^2$=$4.2m^2$) 7രൂപ നിരക്കിൽ വസ്തുനികുതി ചുമത്താനും $185m^2$ വരെയുള്ള കെട്ടിടത്തിന് നികുതി ഒഴിവാക്കിനൽകുവാനും റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും റിപ്പോർട്ട് അംഗീകരിക്കുകയോ മേൽ വിവരം ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി കെട്ടിടത്തിന്റെ അധികം വരുന്ന ഭാഗത്തിന്റെ 2017-18 ലെ കെട്ടിട നികുതി അടവാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ 5/17.4.17 തീരുമാന പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ കെട്ടിട ഇളവ് അംഗീകരിച്ച കെട്ടിട നം 14/42-വിശ്വനാഥമേനോൻ കോവിലകത്ത് എന്ന വ്യക്തിയുടെ ബിൽഡിംഗ് ഏരിയ $196m^2$ ആണെങ്കിലും പരിശോധന റിപ്പോർട്ടിൽ $196m^2$-$185.8m^2$=$10.2m^2$ ഏരിയക്ക് നികുതി ചുമത്താൻ നിർദ്ദേശിച്ചതായി കാണുന്നില്ല. എന്നാൽ ബാക്കിയുള്ള ഏരിയക്ക് നികുതിയിളവ് നൽകുവാൻ നിർദ്ദേശിച്ചിട്ടുമില്ല. സഞ്ചയ മേൽ ലിസ്റ്റിൽ ടി കെട്ടിടം ഉൾപ്പെടുത്തിയിട്ടില്ല. മറുപടി നൽകിയതിൽ ടി കെട്ടിടത്തിന്റെ അധികം വരുന്ന ഭാഗത്തിന് നികുതി അടവാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പരിശോധന റിപ്പോർട്ടുകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്തുകാണുന്നില്ല. ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റി അംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 6/27.11.18) നൽകിയ മറുപടി തൃപ്തികരമല്ല. ഉടമസ്ഥാവകാശം മാറ്റിയ വ്യക്തിയുടെ പേരിൽ (വിമുക്ത ഭടന്റെ

വിധവയല്ലാത്ത മകന്റെ പേരിൽ) കെട്ടിട നികുതി ഇളവ് നൽകിയ വിവരം സഞ്ചയയിൽ വന്നിട്ടുള്ളത് വ്യക്തമാക്കേണ്ടതാണ്. (കെട്ടിട നമ്പർ 1/347)

## 2-6 അനധികൃത കെട്ടിടങ്ങളുടെ ഫയൽ പരിശോധന -അപാകതകൾ

അനധികൃത കെട്ടിടങ്ങളുടെ ഫയൽ, രജിസ്റ്റർ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ അനധികൃത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് ലിസ്റ്റ്, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്

1)ഫയൽ നം A17686//23.9.16

മേൽ ഫയൽ സംബന്ധിച്ച് തപാൽ ഇഷ്യു ചെയ്തത് 23.9.16 ന ആണെങ്കിലും 24.10.17 ന് ആണ് സെക്ഷനു ഡെലിവറി ചെയ്ത തീയതിയായി രസീത് നം 2816842 ൽ കാണിച്ചിട്ടുള്ളത്. തപാൽ കൈമാറാനുള്ള കാലതാമസം വ്യക്തമാക്കേണ്ടതാണ്. ശ്രീ രാജീവ് ഉണ്ടിപറമ്പിൽ, ആല എന്ന വ്യക്തിക്കു $24m^2$ ഏരിയയുള്ള കെട്ടിടത്തിനാണ് അനധികൃത കെട്ടിട UAനം 10/355 B ആയി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി വ്യക്തി വീട്ടു നമ്പർ, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വസ്തു നികുതി ഒഴിവാക്കുന്നതിനുമുള്ള അപേക്ഷ ആണ് 23.9.16 ൽ നൽകിയിട്ടുള്ളത്. ഓവർസീയർ/അസി.എഞ്ചിനീയറുടെ ഫീൽഡ് വേരിഫിക്കേഷൻ റിപ്പോർട്ട്, പ്രൊപ്പോസ്ഡ്/പൂർത്തീകരിച്ച സൈറ്റ് പ്ലാൻ, കെട്ടിടം പൂർത്തീകരിച്ച വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. ഫയലിൽ ചേർത്തിട്ടുള്ള പ്ലാൻ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 139 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതല്ല. ചട്ടം 11 അനുസരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

2)A1/10840/17

ശ്രീ മണികണ്ഠൻ അരയംപറമ്പിൽ എന്നിവരുടെ റഗുലറൈസ് ചെയ്ത കെട്ടിട നമ്പർ അനുവദിച്ചു തരുന്നതിനുള്ള അപേക്ഷ പ്രകാരം പൂർത്തീകരിച്ച കെട്ടിട പ്ലാൻ അനുസരിച്ച് 50.83 $m^2$ ഫസ്റ്റ് ഫ്ലോർ പ്ലിൻത്ത് ഏരിയ കൊമേഴ്സ്യൽ കെട്ടിടം റഗുലറൈസ്(കെട്ടിട നം 10/113 C )ചെയ്തും ഗ്രൗണ്ട്ഫ്ലോർ എക്സ്റ്റൻഷന് ($59.64m^2$)അനധികൃത കെട്ടിട ത്തിനുള്ള 10/113B UA കെട്ടിട നമ്പർ അനുവദിച്ചും നൽകിയിട്ടുണ്ട്. എന്നാൽ 50.83 $m^2$ ഫസ്റ്റ് ഫ്ലോർ പ്ലിൻത്ത് ഏരിയ റഗുലറൈസേഷൻ ഫീ പുതിയ പെർമ്മിറ്റിനെന്ന പോലെ ഈടാക്കിയിട്ടില്ല.
ഈടാക്കിയ ഫീ 50.83x10=508/-
പെർമ്മിറ്റ് ഫീ അടക്കം ഈടാക്കേണ്ടിയിരുന്നത് 762.45/- രൂപ.
254.45/- രൂപ കുറവ്.

3) 19/94 UA നം അനുവദിച്ചു നൽകിയ ശ്രീ സുബയ്യൻ പുളിയനാർ പറമ്പിൽ-ഫയൽ നം A1/8634/16- എന്നിവരുടെ അനധികൃതകെട്ടിട നികുതി അസസ്സ്മെന്റ് വിവരം സഞ്ചയലിസ്റ്റിൽ ഇല്ല. ടി വ്യക്തിയുടെ പ്രൊപ്പോസ്ഡ് സൈറ്റ് പ്ലാൻ പ്രകാരം 78.68 $m^2$ ഉം കെട്ടിട നികുതി കണക്കാക്കിയിരിക്കുന്നത് $76.5m^2$ നും ആണ്. പൂർത്തീകരിച്ച സൈറ്റ് പ്ലാൻ ഇല്ല. CRZ ക്ലിയറൻസ് സർട്ടിഫിക്കറ്റ് പ്രകാരം $66m^2$ ഏരിയ വരെ പണിയുന്ന കെട്ടിടത്തിനാണ് അനുമതിയുള്ളത്.

4) തീരദേശ പരിപാലന നിയമ ലംഘന വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ ഫയലുകളിൽ ഫയൽ നം A1/1080/18 തീ 12.2.18 പ്രകാരം ശ്രീ പ്രജീഷ് കാരേപറമ്പിൽ എന്നവരുടെ കെട്ടിട നമ്പർ അപേക്ഷയിൽ കെട്ടിടം CRZ വിഭാഗത്തിലുൾപ്പെടുത്തി UA നം 21/405A അനുവദിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ പെർമ്മിറ്റ് അപേക്ഷയിൽ പഞ്ചായത്ത് $100m^2$ താഴെയുള്ള

കെട്ടിടത്തിലുൾപ്പെടുത്തി A1/3959/17 തി 27.5.17 NOC (പ്രൊപ്പോസ്ഡ് പ്ലാൻ പ്രകാരം 99.95$m^2$ പ്ലിന്ത് ഏരിയ) നൽകുകയുണ്ടായി. എന്നാൽ CRZ പരിധിയിലുള്ളകെട്ടിടത്തിനു തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസ്-അനുമതി ലഭ്യമാക്കാതെയാണ് NOC അനുവദിച്ചിരിക്കുന്നത്. പൂർത്തീകരിച്ച പ്ലാൻ പ്രകാരം 112.12 $m^2$ ഉള്ള കെട്ടിടത്തിന്റെ പരിശോധന റിപ്പോർട്ടിൽ CRZ വിവരമില്ല. ഓവർസീയർ/അസി.എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
5) സൈറ്റ് പ്ലാൻ ലഭ്യമാക്കാത്ത അനധികൃത നിർമ്മാണ കെട്ടിടങ്ങൾ-21/169 UA, 19/266 UA, 20/236 UA, 20/4 UA.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി 14/29.11.18 നൽകിയെങ്കിലും ലഭിച്ച മറുപടി തൃപ്തികരമല്ല.

## 2-7 വേക്കൻസി റമിഷൻ -അപാകതകൾ

വേക്കൻസി റമിഷൻ-കെട്ടിടനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ഫയൽ, സഞ്ചയയിൽ നിന്നുള്ള 2017-18 ലെ കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 17.4.17, 6.7.17, 10.8.17, 10.10.17, 8.12.17എന്നീ തിയ്യതികളിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്

I) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അംഗീകാരം ലഭിച്ച അപേക്ഷകൾ സഞ്ചയയിൽ വരാത്തത്

1) വാർഡ് 16/228 -NSS കരയോഗം കെട്ടിടം(IInd Half-തീരുമാനം 2(3)/10.8.17)

2)വാർഡ് 12/527,528-ഷോളി അനിൽകുമാർ(IInd Half-തീരുമാനം 3(2)/10.10.17)

3)വാർഡ് 14/194,198-ഫാത്തിമ അബ്ദുൾ വാഹാബ്(First Half- തീരുമാനം8/17.4.17

മേൽ വിവരങ്ങൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(12/29.11.18)യ്ക്ക് മറുപടി നൽകിയതിൽ 12/527, 528 കെട്ടിടങ്ങൾ പ്രവർത്തിക്കുന്ന വിവരം അറിഞ്ഞതിനാൽ നികുതിയിളവ് അനുവദിക്കാതെ സഞ്ചയ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. മേൽ വിവരങ്ങൾക്ക് സാധൂകരണം വാങ്ങി കമ്മിറ്റി മിനിറ്റ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. സോഫ്റ്റ്‌വെയർ അപാകത പരിഹരിക്കേണ്ടതാണ്.

## 2-8 സാംഖ്യ സഞ്ചയ സംയോജനം - പ്യൂരിഫിക്കേഷൻ

### അവലോകനം

വസ്തുനികുതി നിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും മുൻവർഷത്തെ വാർഷിക കണക്കിലെ തുകയുമായി സഞ്ചയയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. സഞ്ചയയിലെ ഡിമാന്റ് തുക സാംഖ്യയിലെ ഡിമാന്റായി ചേർക്കുകയും ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. സാംഖ്യ പ്രകാരം രസീത് ചെയ്യപ്പെടുന്ന വസ്തുനികുതി കളക്ഷനാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടേണ്ടത്. എന്നാൽ സാംഖ്യ സഞ്ചയ കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (സാംഖ്യ സഞ്ചയ തുകകളിലെ വ്യത്യാസം അക്കൗണ്ട്സ് അപാകതയായി ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. ).

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തൽ, കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്താതെ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്, കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നത്, സോഫ്റ്റ് വെയറിന്റെ പരിമിതികൾ മുതലായവ സാംഖ്യ സഞ്ചയ ഇൻഡഗ്രേഷനിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സാംഖ്യയയിൽ റസീപ്റ്റ് ചെയ്യുന്നത് യാന്ത്രികമായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടാതിരുന്ന സാഹചര്യവും സാംഖ്യയിൽ രസീതി ക്യാൻസൽ / പ്രിന്റ് ഫാൾട്ട് ആകുന്നത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ടായി. ഇത്തരം അപാകതകൾ മാനവലായി കണ്ടെത്തി പരിഹരിക്കപ്പെടാത്തതും നികുതി തുകയിലെ മാറ്റങ്ങൾക്ക് കാരണമായി. സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിന് ഇടക്കിടെ എക്സ്ട്രാ ടൂളുകൾ നൽകിവരുന്നുണ്ട്.

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നതിന് യാതൊരു ആധികാരിക രേഖകളുമില്ലാതെ തന്നെ വാർഷികധനകാര്യപത്രികയിലെ തുകകൾ വൗച്ചർ മുഖേന എഴുതി തള്ളുകയും ക്രമീകരിക്കുകയും ചെയ്യുന്നു. വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങി കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

<u>രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല</u>

വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ വൗച്ചർ മുഖേന തുകകൾ എഴുതി തള്ളുകയും, വരുമാനമായി ക്രമീകരിക്കുകയും തിരുത്തൽ എൻട്രികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

“110100101/110100103-Property tax on residential/non residential buiding” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.

വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളുടെയും പ്രയർപിരീഡ് ഇനത്തിൽ അഡ്ജസ്റ്റ്മെന്റ് ചെയ്ത് ഒഴിവാക്കിയ 645,212/-രൂപയുടെയും (ശീർഷകം I18-280100101), 947,082/- (ശീർഷകം I18-280100104) രൂപയുടെയും ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളും ഒന്നും തന്നെ പരിശോധനയ്ക്കായി ലഭിക്കുകയുണ്ടായില്ല. തൻവർഷം പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾ, വേക്കൻസി റമിഷൻ എന്നിവ ചേർത്തതുമൂലവും വിമുക്ത ഭടൻമാർക്ക് നികുതിഒഴിവാക്കിയതുമൂലവും കെട്ടിട നികുതിയിൽ കുറവ് വന്നിട്ടുണ്ട്. വസ്തുനികുതിയുടെ വാർഡ് തിരിച്ചുള്ള അസസ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽവിവരങ്ങളുമായി പൊരുത്തമില്ല.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല. വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി

ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ,

സഞ്ചയ വസ്തുനികുതി ഡാറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് അനുസരിച്ച് 14209 കെട്ടിടങ്ങളെ പ്യൂരിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഓഡിറ്റ് കാലയളവ് വരെ 4781 കെട്ടിടങ്ങൾക്കുമാത്രമാണ് പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് അംഗീകരിച്ചിട്ടുള്ളത്. 9428 കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പെന്റിംഗിൽ ആണ് .2017-18 വർഷത്തിൽ പ്യൂരിഫിക്കേഷൻ നടത്തിയിട്ടില്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകകൾ -ഉപയോഗപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകകൾ ചെലവഴിക്കാത്തത് ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ഉപയോഗപ്പെടുത്തുകയോ അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

| ബി 4 ഷെഡ്യൂളിലെ ഹെഡ് | ബാലൻസ് തുക | റിമാർക്സ് | ലഭിച്ച തീയതി |
|---|---|---|---|
| 320200307 | 27088 | ബേട്ടി ബച്ചാവോ ബേട്ടി പഠാവോ | 22.4.2017 |
| 320200319 | 69000 | ശുചിത്വ മിഷൻ ബയോഗ്യാസ് പ്ലാന്റ് | 7.7.2016 |
| 320200322 | 32687 | ശുചിത്വ മിഷൻ മഴക്കാല പൂർവ്വ ശുചീകരണം&മാലിന്യ സംസ്കരണം | 20.7.16&25.8.2017 |
| 320300199 | 126730 | ജൈവവൈവിധ്യം(106400/-) ,വിമുക്തി (20330) | 12.5.17&25.2.17 |
| 320700204 | 424446 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 |
| 320700205 | 35000 | ജില്ലാ പഞ്ചായത്ത് | 2017-18 |
| 320900299 | 20000 | എൻ ആർഇജിഎ അവാർഡ് | 31.3.18 |
| 320900399 | 100000 | കർഷക അവാർഡ് | 31.1.17 |

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത്, ജി.ഒ(പി)7/2017/ധന തീയതി 23.01.17 ന് വിധേയമായി തിരികെ അടവാക്കേണ്ടതാണ്. മറ്റ് തുകകൾ വിനിയോഗിക്കാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-2 ഇ.എം.എസ് ഭവന പദ്ധതിക്കായി ആരംഭിച്ച സംയുക്ത അക്കൗണ്ട് -143859.00 രൂ ബാലൻസ് നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ ഇ.എം.എസ് ഭവന പദ്ധതി വായ്പ അക്കൗണ്ട് 11.4.2015 ൽ ക്ലോസ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഭവന പദ്ധതിയുടെ ലോൺ വിതരണത്തിനായി പ്രസിഡണ്ടിന്റേയും വിഇഒ യുടേയും പേരിൽ ആരംഭിച്ചിരുന്ന സംയുക്ത അക്കൗണ്ടിൽ (പൂവ്വത്തുംകടവ് ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നമ്പർ-6549) നിലവിൽ 143859.00രൂ ബാലൻസ്(17.9.2016 വരെയാണ് രേഖപ്പെടുത്തൽ ഉള്ളത്) നിലനിൽക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 40647 രൂ പലിശ ഇനത്തിൽ ഉള്ളതായി കാണുന്നു. ബാലൻസ് തുക സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ-18/29.11.2018) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധന വിധേയമാക്കേണ്ടതും നാളിതുവരെയുള്ള ബാലൻസ് രേഖപ്പെടുത്തി വാങ്ങേണ്ടതും പലിശയടക്കമുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതുമാണ്.

## 3-3 വള്ളിവട്ടം കടത്ത്- കനാൽ ഓഫീസറുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

വള്ളിവട്ടം കടത്ത് 2017-18 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്തുന്ന ശ്രീ.ചിങ്ങാരത്ത് മാധവൻ, വള്ളിവട്ടം എന്നയാൾ കടത്ത് നടത്തുന്നതിന് നിയമപ്രകാരമുള്ള കനാൽ ഓഫീസർ നൽകുന്ന ലൈസൻസ് ഹാജരാക്കിയതായി കാണുന്നില്ല. ഇയാളോട് നിയമപ്രകാരമുള്ള ലൈസൻസ് ഹാജരാക്കി സർവീസ് നടത്താൻ ആവശ്യപ്പെടേണ്ടതാണ്.

## 3-4 വെള്ളക്കരം ഇനത്തിൽ ഭീമമായ തുക അടവാക്കുന്നു- ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള 450 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 196875/ രൂപാ മാസം തോറും വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്തിൽ കൃത്യമായ കണക്കില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി എണ്ണം ക്രമീകരിക്കേണ്ടതാണ്.

## 3-5 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ, 2014-15 കാലയളവിൽ വാങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, 2017-18 കാലയളവിൽ ഇൻസ്റ്റാൾ ചെയ്യുകയും, ആയതിന്റെ വൈദ്യുതി കണക്ഷന് വേണ്ടി കെ.എസ്.ഇ.ബി യിൽ 7/9/17ന് വൗച്ചർ നം.51700560 പ്രകാരം 14800/- രൂപാ അടയ്ക്കുകയും, ഈ കാലയളവിൽ വൈദ്യുതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷിന്റെ വൈദ്യുതി ചാർജ് അടച്ച് വരുന്നെണ്ടെങ്കിലും, നാളിതുവരെ യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 വാട്ടർ കണക്ഷൻ സബ്സിഡി ജനറൽ–2015-16 ൽ ആരംഭിച്ച പദ്ധതി 2017-18 ൽ സ്പിൽ ഓവറാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ -വിഇഒ, ആല സർക്കിൾ

പദ്ധതി നമ്പർ-34/18

ബിൽ നമ്പർ-3/20.9.17-12000/-

മുൻ അംഗീകാര നമ്പർ-333/16/RO1/DPM/8.9.16

2014-15 ൽ അംഗീകാരം ലഭിച്ച പദ്ധതി 2017-18 ലും സ്പിൽ ഓവറാക്കി നടത്തിയിട്ടുണ്ട്. തൻ വർഷം സബ്സിഡി നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ 2014-15 ലാണ് കരാർ വച്ചത്. വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | പണി പൂർത്തീകരിച്ച തീയതി |
|---|---|---|
| പുഷ്പ ശങ്കരൻ,വാർഡ് 7/182 | 22.12.15 | 1.4.17 |
| സുഭാഷിണിഗംഗാധരൻ ,15/302 | 14.1.2016 | 6.4.17 |
| സുജീഷ് .ഇ.കെ, എടശ്ശേരി 9/232ബി | തീയതി ലഭ്യമല്ല | 9.3.17 |

2016-17 ൽ പണി പൂർത്തീകരിക്കാത്തതിനാലാണ് പദ്ധതി ആ വർഷം സ്പിൽ ഓവറാക്കാത്തതെന്നാണ് ലഭ്യമാക്കിയ വിവരം. സ.ഉ.(എംഎസ്)നം.362/2013 തസ്വഭവ തീയതി 16.11.2013 ഉത്തരവിലെ (2014-15 വർഷത്തേക്ക് ബാധകമായ 12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ്) ഖ.11.13.XII(ഇ) പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1.നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ, ആല സർക്കിൾ .
പദ്ധതി നമ്പർ-251/18

ലൈഫ് ഭവന പദ്ധതി -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക മുഴുവൻ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 11-15/10.1.2018- | 400000/- |
| 21/17-18/29.1.18- | 340000/- |
| 26/17-18/9.3.18 | 140000/- |
| 28/17-18/31.3.18 | 40000/- |

| ചെക്ക് നമ്പർ | തുക |
|---|---|
| 6690268/23.2.18 | 25000/- |

| | |
|---|---|
| 6690262/17.2.18 | 60000/- |
| 6690264/17.2.2018 | 60000/- |
| 6690263/17.2.18 | 60000/- |
| 6690265/17.2.2018 | 60000/- |

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പ്രവിന്ദ വിജുമോൻ,പടപ്പറമ്പിൽ,പത്താഴക്കാട്,വാർഡ്-15 | 386800 | 306800 |
| 2 | ജയശ്രീ സുരേഷ്,പെട്ടിക്കാട്ടിൽ ഹൌസ് | 186800 | 171800 |

2)പദ്ധതി നമ്പർ-252/18 (എസ് സി)

വിഇഒ പനങ്ങാട് സർക്കിൾ

| ബിൽ നമ്പർ | തുക |
|---|---|
| 7/17-18/11.1.2018 | 90000 |
| 8/17-18/11.1.2018 | 25000 |
| 9/17-18/11.1.2018 | 90000 |
| 12/17-18/11.1.2018 | 180000 |
| 26/17-18/22.3.2018 | 110000 |
| 25/17-18/22.3.2018 | 90000 |
| 27/17-18/27.3.2018 | 50000 |

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പ്രമീള സുരേഷ് ബാബു,ചിറ്റാപ്പുറത്ത്,ആല | 323200 | 130000 |
| 2 | പുഷ്പ വെങ്കിടങ്ങിൽ,പനങ്ങാട് | 343200 | 300000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കിണർ റീചാർജ്ജ്-സബ്സിഡി ഇനത്തിൽ അധിക തുക നൽകി.

പദ്ധതി നമ്പർ-181/18-(so)

ബിൽ നമ്പർ-5/17-18/30.3.2018-17500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ, പി. വെമ്പല്ലൂർ

മേൽ പദ്ധതി പ്രകാരം 4 പേർക്ക് കിണർ റീ ചാർജ്ജിനുള്ള സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ. എംഎസ്.നം.3989/17/തീയതി.12.12.17)ചെലവ് തുകയുടെ 90 % ആണ് സബ്സിഡി ആയി ജനറൽ വിഭാഗക്കാർക്ക് നൽകാവുന്നത്. എന്നാൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി അധിക നിരക്കിൽ നൽകിയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-5/26.11.18)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാല്യൂവേഷൻ തുക | നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | വിക്രമൻ,കൈതവളപ്പിൽ | 4800 | 4375 | 4320 | 55 |
| 2 | സുലൈമാൻ,കുഴപ്പിള്ളി | 4670 | 4375 | 4203 | 172 |
| 3 | ഷൺമുഖൻ,നട്ടുമുറി | 4575 | 4375 | 4118 | 257 |
| 4 | മുരളീധരൻ,നാലുമാക്കൽ | 4450 | 4375 | 4005 | 370 |
| | | | | ആകെ | 854 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-9 വാട്ടർ കണക്ഷൻ ജനറൽ- അധിക വരുമാനമുള്ള വ്യക്തിക്ക് സബ്സിഡി നൽകി.

പദ്ധതി നമ്പർ-176/18

ബിൽ നമ്പർ-1/17-18/12.1.2018-80000

ബിൽ നമ്പർ -2/17-18/12.2.2018-75000

ബിൽ നമ്പർ -3/17-18/15.3.2018-60000

ബിൽ നമ്പർ -4/17-18/19.3.2018-75000

മേൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 100000/-രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് സബ്സിഡി അനുവദിക്കാവുന്നത്. (ജി.ഒ. (എംഎസ്).നം.80/2017/തീയതി.3.4.17 ഖണ്ഡിക 2.12) എന്നാൽ മിനി രവി, നട്ടുമുറി, പനങ്ങാട്, 5/166 എന്ന ഗുണഭോക്താവിന് 120000/-രൂപ വാർഷിക വരുമാനമുള്ളതായി ഫയലിലെ വരുമാന സർട്ടിഫിക്കറ്റിൽ കാണുന്നു. ( എസ് എൻ പുരം വില്ലേജ്-സർട്ടിഫിക്കറ്റ് നമ്പർ-1468/18/24.3.2018). ടിയാരിക്ക് 5000/-രൂ സബ്സിഡി നൽകിയിട്ടുണ്ട്. അർഹതയില്ലാത്ത വ്യക്തിക്ക് നൽകിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-5/26.11.2018)

## 3-10 സ്നേഹധാര പാലിയേറ്റീവ് പദ്ധതി- അപാകതകൾ

പദ്ധതി നം 141/17-18

നി.ഉ മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

അടങ്കൽ തുക 250000

ചെലവ് 250000

ട്രഷറി ബിൽ നം. 2/31.03.18, തുക 1,50,000/-

ചെക്ക് നം SB/JC No. 1905949/12.12.17, തുക 1,00,000/-

കിടപ്പിലായ രോഗികൾക്ക് സാന്ത്വന പരിരക്ഷ നൽകൽ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ അർഹരായ രോഗികളെ തെരഞ്ഞെടുത്ത് കേസ് ഷീറ്റും സമ്മതപത്രവും തയ്യാറാക്കി, രണ്ടാഴ്ചയിൽ ഒരിക്കൽ ഗൃഹസന്ദർശനം നടത്തി മരുന്നുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചത്. 250000 രൂപയ്ക്ക് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങി സ്റ്റോക്ക് ചെയ്തെങ്കിലും ആയത് രോഗികൾക്ക് പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

1. 29.1.2015 ലെ ജി.ഒ (ആർ.ടി) 3217/15 തസ്വഭവ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണമാണ് പാലിയേറ്റീവ് പദ്ധതി നടപ്പിലാക്കേണ്ടത്. ആയതനുസരിച്ച് മരുന്ന് ലഭ്യമായത് പലതവണകളായാണ്. ഔഷധിക്ക് 16/12/17 ൽ പണം നൽകിയെങ്കിലും 10 ഇൻവോയ്സുകളിലായി 30/10/18 നാണ് ഔഷധവിതരണം പൂർത്തിയായത്. മരുന്നുകൾ ആവശ്യമുള്ള കിടപ്പുരോഗികളുടെ പരിചാരകർ ആഴ്ചതോറും ഡിസ്പെൻസറിയിൽ വന്ന് വാങ്ങുന്ന രീതിയാണ് പിൻതുടരുന്നത്. 21 രോഗികളുടെ പേരുവിവരം രേഖപ്പെടുത്തിയ നോമിനൽ രജിസ്റ്റർ 6/7/18 മുതൽ മെഡിക്കൽ ഓഫീസർ സൂക്ഷിച്ചുവരുന്നു. ലഭ്യമായ മരുന്നുകളിൽ ഭൂരിഭാഗവും വിതരണം നടത്താതെ അവശേഷിക്കുന്നതായി കണ്ടു.

2. പി.എച്ച്.സി മെഡിക്കൽ ഓഫീസർ പാലിയേറ്റീവ് കെയർ പദ്ധതി 135 ാം നമ്പർ പ്രൊജക്ടായി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം തയ്യാറാക്കിയ കിടപ്പുരോഗികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് മരുന്ന് നൽകുന്നത്. നിലവിലുള്ള പാലിയേറ്റീവ് പദ്ധതിയുമായി സംയോജിപ്പിച്ച് മരുന്നുകൾ പൂർണമായും വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പാലിയേറ്റീന് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനുവേണ്ടി ഓരോ സാമ്പത്തിക വർഷത്തേക്കും ഒരു പ്രൊജക്ട് മാത്രമേ തയ്യാറാക്കാവൂ എന്ന നിർദ്ദേശമുണ്ട്. ആയതിനു വിരുദ്ധമായി പാലിയേറ്റീവ് കെയറിനുവേണ്ടി രണ്ടു പ്രൊജക്ടുകൾ തയ്യാറാക്കിയത് മാർഗ്ഗരേഖാ നിർദ്ദേശത്തിന്റെ ലംഘനമായി കണക്കാക്കുന്നു.

## **3-11** കാർഷികോൽപാദന വർധന ലക്ഷ്യമിട്ട് പദ്ധതികൾ- ഉൽപാദന വർധന ഉറപ്പ് വരുത്താൻ സംവിധാനമില്ല.

ഗ്രാമപഞ്ചായത്തിലെ കാർഷിക വർധന ലക്ഷ്യമിട്ട് വനിതാ ഘടക പദ്ധതിയിലുൾപെടുത്തി സമഗ്ര ഇടവിള കൃഷിക്കായി പ്രോജക്ട് നം. 134/18 പ്രകാരം ചേമ്പ്, ചേന, മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നതിനായി VFPCK സ്വശ്രയ കർഷക സംഘം മുണ്ടത്തിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 5,40,000 രൂപയുടെ നടീൽ വസ്തുക്കൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതേ രീതിയിൽ ടെറസിലും മുറ്റത്തും പച്ചക്കറി കൃഷി നടത്തുന്നതിനായി പ്രോജക്ട് നം. 138/18 പ്രകാരം 25 ചട്ടിവീതമുള്ള ഒരു യൂണിറ്റിന് 3500 രൂപ നിരക്കിൽ 40 യൂണിറ്റുകൾക്ക് (വളം, തൈകൾ അടക്കം 50% സബ്സിഡി നിരക്കിൽ ) വിതരണം ചെയ്തതിന് 1,31,250 രൂപ മതിലകം കാർഷിക സേവന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലുണ്ടായ ഉൽപാദന വർധന സംബന്ധിച്ച റിപ്പോർട്ടുകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ, ഡോക്യുമെന്റേഷൻ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. ഉൽപാദന വർധന ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഔട്ട് പുട്ട് , പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത എന്നിവ പരിശോധിച്ചുറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പു വരുത്തേണ്ടതാണ്. ഉൽപാദന വർധന സംബന്ധിച്ച ഡോക്യുമെന്റേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-12 തെങ്ങ് കൃഷി പുനരുദ്ധാരണം പദ്ധതി- രേഖകൾ ഹാജരാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ.

1) പ്രൊജക്ട് നം. 32/18, തെങ്ങ്കൃഷി പുനരുദ്ധാരണം (സ്പിൽ ഓവർ)

| ബിൽ നം.തീയതി | തുക |
|---|---|
| 1/17-18/20.11.17 | 58500 |
| 4/17-18/08.01.18 | 13000 |
| ആകെ | 71500 |

2) പ്രൊജക്ട് നം. 49/18 തെങ്ങ് കൃഷി പുനരുദ്ധാരണം

| ബിൽ നം.തീയതി | തുക |
|---|---|
| 9/17-18/25.01.18 | 46800 |
| 12/17-18/08.02.18 | 100000 |
| 13/17-18/08.02.18 | 76950 |
| 15/17-18/08.02.18 | 50400 |
| 19/17-18/06.03.18 | 275850 |
| ആകെ | 550000 |

3) പ്രൊജക്ട് നം.48/18, തെങ്ങിന് ജൈവവളം

| ബിൽ നം.തീയതി | തുക |
|---|---|
| 7/17-18/12.01.18 | 358682 |
| 8/17-18/25.01.18 | 219801 |
| 14/17-18/08.02.18 | 326642 |
| 18/17-18/06.03.18 | 237017 |
| 21/17-18/06.03.18 | 5000 |
| ആകെ | 1147142 |

കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വച്ച് പിടിപ്പിക്കുന്നതിനായി പ്രോജക്ട് നം. 32/18(സ്പിൽ ഓവർ), 49/18 (പുതിയത്) എന്നിങ്ങനെ രണ്ട് പദ്ധതികളിലായി (130+1000=1130) 1130 തെങ്ങുകൾ വെട്ടി മാറ്റിയതിനും ഉയരം കുറഞ്ഞ തെങ്ങിൻ തൈകൾ വിതരണം ചെയ്തതിന് 1138 തെങ്ങിൻ തൈകൾക്ക് 100 രൂപ നിരക്കിൽ SSF എടുത്തിരുത്തിക്ക് തുക നൽകിയതുൾപ്പടെ 6,21,500 രൂപയും തെങ്ങിന് ജൈവവളം വിതരണം ചെയ്യുന്ന പദ്ധതി നം.48/18 പ്രകാരം 533 ഗുണഭോക്താക്കൾക്ക് വളം വിതരണം ചെയ്തയിനത്തിൽ 11,47,142 രൂപയും പദ്ധതിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ട്രഷറിബില്ലുകൾ, ഗുണഭോക്തൃലിസ്റ്റ്, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, മെയിൻ സ്റ്റോക്ക് രജിസ്റ്റർ, ഫയലുകൾ എന്നിവയാണ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

ഗുണഭോക്താക്കളുടെ അപേക്ഷകൾ ഗുണഭോക്തൃലിസ്റ്റുമായി ഒത്തു നോക്കാൻ കഴിയുന്ന വിധത്തിൽ ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായി ഇടപെട്ടതിന്റെ രേഖപ്പെടുത്തലുകൾ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. ഫലപ്രദമായി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയിൽ ലക്ഷ്യമിട്ടതു പ്രകാരം ഉൽപാദന വർധനവ് ഉണ്ടായോ എന്നതു സംബന്ധിച്ച നിർവ്വഹണ

ഉദ്യോഗസ്ഥന്റെ റിപ്പോർട്ടുകൾ, ഡോക്യുമെന്റേഷൻ എന്നിവ ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10.dt.28.11.18 ന് നൽകിയ മറുപടിയിൽ ഫയലുകൾ ക്രമപ്രകാരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപേക്ഷകൾ അനുബന്ധ രേഖകൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പോത്തിൻ കുട്ടികളെ വാങ്ങി നൽകൽ-അപാകതകൾ

1.ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

വെറ്ററിനറി സർജൻ നടപ്പാക്കിയ പോത്തിൻ കുട്ടികളെ വാങ്ങൽ പദ്ധതി നം. 177/18 പ്രകാരം ജനറൽ വിഭാഗത്തിലുൾപെട്ട 115 ഗുണഭോക്താക്കൾക്ക് 5000/- രൂപ നിരക്കിൽ 5,75,000 രൂപയും, പദ്ധതി നം. 179/18 പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട 66 ഗുണഭോക്താക്കൾക്ക് 7500/- രൂപ നിരക്കിൽ 495000 രൂപയും കൂടി ആകെ 10,70,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 6.12.17 ലെ ഭരണസമിതിയുടെ 1(7)നം. തീരുമാന പ്രകാരം പോത്തിൻ കുട്ടികളെ ബ്രീഡേഴ്സ് ഗോട്ട് ഫാം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പോത്തിൻ കുട്ടികളെ ഇൻഷൂർ ചെയ്തതിന്റേയോ, ആവശ്യമായ വാക്സിനേഷൻ നടത്തിയതിന്റേയോ രേഖകൾ ഫയലിൽ ഇല്ല. പോത്തിൻ കുട്ടികളുടെ പ്രായം, ഭാരം, ഉയരം എന്നിവ സംബന്ധിച്ച രേഖപെടുത്തലുകളും ഫയലിൽ ഇല്ല. ഇവ ഓഡിറ്റിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പൊതു വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വരുമാനം, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പരിധിക്കുള്ളിലുള്ളവരാണോ എന്ന് പരിശോധിക്കാനായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

1.ജിഷ സുനിൽ, കാട്ടുപറമ്പിൽ, പത്താഴക്കാട് (കൈപ്പറ്റ് രസീതിയും ഹാജരാക്കിയില്ല.)

2.കദീജാബി, അന്താറത്തറ, ശാന്തിപുരം

3.സുവർണ്ണ ശിവാനന്ദൻ, കോഴിപ്പറമ്പിൽ

വരുമാന സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രസീതി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പദ്ധതി നമ്പർ- 255/18&142/18

ബിൽ നമ്പർ-7/17-18/15.3.2018-462500

&8/17-18/15.3.2018-218750

1.ആദ്യ പദ്ധതിയിൽ 37 ഗുണഭോക്താക്കൾക്ക് ആണ് സബ്സിഡി അനുവദിച്ചത് .പ്രസ്തുത ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം ലഭ്യമാകാത്തതിനാൽ 12500 രൂപ ഗുണഭോക്തൃ വിഹിതം ആയി അടവാക്കേണ്ടതായി വരുന്നു. എന്നാൽ 142/18 നമ്പർ പദ്ധതിയിൽ 35 പേരെയാണ് തെരഞ്ഞെടുത്തത്. ടി ആളുകൾക്ക് സംസ്ഥാന വിഹിതം ലഭ്യമായതിനാൽ 6250 രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടവാക്കേണ്ടതായി വരുന്നത്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ,ജി.ഒ.

എംഎസ്.നം.80/2017/തീയതി 3.4.17 പ്രകാരം സംസ്ഥാന വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ ആ തുക കൂടി തദ്ദേശ ഭരണ സ്ഥാപനം ലഭ്യമാക്കണം.

2.വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് 100000/-രൂപയും പട്ടികജാതി വിഭാഗത്തിന് 200000/-രൂപയും ആണ് വരുമാന പരിധി. എന്നാൽ വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.തീറ്റ വിതരണം നടത്തുന്ന പോഴങ്കാവ് ക്ഷീരോൽപാദക സംഘത്തിന്റെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ അശോകൻ, പൊയ്യാറ, പത്താഴക്കാട് എന്ന വ്യക്തി 3 തവണ തീറ്റ കൈപ്പറ്റിയ ശേഷം (ഏപ്രിൽ 2018 മുതൽ) പിന്നീട് തീറ്റ വാങ്ങിയിട്ടില്ല. പദ്ധതി അവസാനിക്കുന്ന മുറക്ക് ഇത്തരത്തിൽ മുഴുവൻ ഗുണഭോക്തൃവിഹിതം വിനിയോഗിക്കാത്തവരുടെ ബാലൻസ് വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-15 കേരളോൽസവം കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ്

പദ്ധതി നമ്പർ-0071/18

ചെക്ക് നമ്പർ-908697/27.9.2017-20000

ബിൽ നമ്പർ-14/17-18/14.3.2018-50000

ലൈറ്റ് ആന്റ് സൗണ്ട് ചെലവിലേക്കായി 18000/-രൂ നൽകിയതായി ചെലവ് രേഖകൾക്കൊപ്പം സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ-19/30.11.2018)

## 3-16 എസ് എസ് എ വിഹിതം നൽകൽ-ജനറൽ &എസ് സി അപാകതകൾ

എ)അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മിസ്ട്രസ്

പദ്ധതി നമ്പർ-077/18&078/18

ബിൽ നമ്പർ-2/17-18/26.7.17-1054118/-

3/17-18/26.7.17-152759/-

10/17-18/26.3.18-516901/-

ആകെ - 1723778/-
ഓഡിറ്റ് എൻക്വയറി നമ്പർ-19/30.11.2018

ജനറൽ വിഹിതമായി 1571019 രൂപയും എസ്.സി വിഹിതമായി 152759/- രൂപയും എസ്.എസ്.എ

ക്ക് കൈമാറി. എസ്.എസ്.എ ഹാജരാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം 4309450/- രൂപയാണ് എസ്.എസ്.എ പഞ്ചായത്തിൽ ചെലവഴിക്കണമെന്ന് കണക്കാക്കിയിരുന്നത്. ആയതിന്റെ 40 ശതമാനം തുക അടവാക്കുവാൻ ആവശ്യപ്പെട്ടിരുന്നതിൽ പഞ്ചായത്ത് രണ്ട് പദ്ധതികളിലായി 1723778/-രൂപ അടവാക്കി. എന്നാൽ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയതിൽ ആകെ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 2478565 രൂപയാണ്. ചെലവഴിച്ചതിന്റെ 40 ശതമാനമാണ് തദ്ദേശ ഭരണ സ്ഥാപന വിഹിതം എന്നതിനാൽ 991426 രൂപ മാത്രമാണ് തദ്ദേശ ഭരണ സ്ഥാപനം നൽകേണ്ടിയിരുന്നത്. 579593 രൂപ (1723778-991426) അധികം നൽകിയത് വരും വർഷ പദ്ധതികളിൽ അഡ്ജസ്റ്റ് ചെയ്തു വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബി).എസ് സി പദ്ധതി വിഹിതം നൽകൽ -യൂട്ടിലൈസേഷൻ പ്രത്യേകം നൽകിയില്ല.

എസ്.സി പദ്ധതിക്കായി മേൽ പ്രകാരം അടവാക്കിയ 152759 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രത്യേകമായി ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ നിന്ന് എത്ര തുക എസ്.സി പദ്ധതിക്കായി ചെലവഴിച്ചു എന്നത് വ്യക്തമല്ല. എസ്.സി വിഹിതത്തിനുള്ള സാക്ഷ്യപത്രം പ്രത്യേകമായി ആവശ്യപ്പെടേണ്ടതും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-17 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വിതരണം ചെയ്തതിന് തുക ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു

എച്ച്.എം., ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് നം. so 76/18 പദ്ധതി പ്രകാരം ബിൽ നം.17/28.3.18 & 20/28.3.2018 ആയി 150000/- രൂപ പിൻവലിച്ച് വിവിധ സ്കൂളുകൾക്ക് പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനായി വിവിധ പത്ര സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. 3.4.2017-ലെ സ.ഉ(എം.എസ്) 80/17 ത.സ്വ.ഭ.വ മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിൽ തുക നൽകുന്നതിന് വ്യവസ്ഥയില്ല. മാത്രമല്ല 12.4.16-ലെ സ.ഉ.(പി) 177/06 ധന ഉത്തരവ് പ്രകാരം മേൽ ആവശ്യത്തിനായി തുക മുൻകൂറായി പിൻവലിച്ച് നൽകുവാൻ പാടുള്ളതല്ല. ആയതിനാൽ മേൽ പ്രകാരം ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ-9/30.11.2018)

## 3-18 തുല്യത പരീക്ഷ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മിസ്ട്രസ്

പദ്ധതി നമ്പർ-258/18-10ാം തരം തുല്യത & 0074/18-11ാം തരം തുല്യത

ബിൽ നമ്പർ-19/28.3.18-21450/-രൂ

ബിൽ നമ്പർ-18/28.3.18-28050/-

പത്താം തരം തുല്യത പരീക്ഷക്ക് 17 പേരുടെ പരീക്ഷ ഫീസ് അടവാക്കിയിട്ടുണ്ട്. പതിനൊന്നാം തരം തുല്യതക്ക് 11പേരുടെ വിഹിതമാണ് അടവാക്കിയിരിക്കുന്നത്. എന്നാൽ സാക്ഷരതാ മിഷന്റെ കൈപ്പറ്റ് രസീത്, ഗുണഭോക്താക്കളുടെ അറ്റൻഡൻസ്, ഹാൾ ടിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/30.11.2018) മറുപടിയായി സാക്ഷരതാ പ്രേരകുമായി ബന്ധപ്പെട്ട് മേൽ രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതുവരെ ചെലവ് തുക (ആകെ -49500/-രൂ)തടസ്സപ്പെടുത്തുന്നു.

## 3-19 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | തുക | ബിൽനം.തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| SO55/18 | ABC പ്രോഗ്രാം | 225000 | 19/17-18,dt.26/8/17 | ജില്ലാ പഞ്ചായത്ത് |
| SO186/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ്സെന്റർ | 50000/ | 17/17-18,dt.26/8/17 | ജില്ലാ പഞ്ചായത്ത് |
| S124/18 | IMA വിഹിതം നൽകൽ | 100000/ | 16/17-18,dt.26/8/17 | ജില്ലാ പഞ്ചായത്ത് |
| SO59/18 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 1741390 | 37/17-18,dt.14 /11/17 | കെ.എസ്.ഇ.ബി, മതിലകം |
| | ,, | 500000 | 142/17-18,dt14 /11/17 | ,, |
| | ,, | 33000/ | 54/12/2/18 | കെ.എസ്.ഇ.ബി.കൊടുങ്ങല്ലൂർ |
| | ,, | 65500 | 53/12-2-18 | ,, |
| | ,, | 330940 | 63/24/3/18 | ,, |
| SO125/18 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 979000 | 31/17-18,14/11/17 | കേരളാ വാട്ടർ അതോറിറ്റി |
| | ആകെ | 4024830 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 4024830/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 തണൽ കേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർവാങ്ങൽ-ഫർണ്ണീച്ചർ ഉപയോഗിച്ചിട്ടില്ല.തണൽ കേന്ദ്രങ്ങളും നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-29/18

ബിൽ നമ്പർ-3/8.3.18-247539/-രൂപ

അങ്കണവാടി നമ്പർ 106,109,134 എന്നിവയോടനുബന്ധിച്ച് വൃദ്ധജനങ്ങൾക്കായുള്ള തണൽ കേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്ന പദ്ധതി പ്രകാരം വീക്കോ ട്രേഡിങ്ങ് കമ്പനി എന്ന

സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ-082/7.3.18-64075/-രൂപ &ഇൻവോയ്സ് നമ്പർ-071/1.3.18-183444രൂ) എൽഇഡി ടിവി, ടേബിൾ, അലമാര, കസേര, പ്ലേറ്റുകൾ, ഗ്ലാസ്, മാറ്റ്, ഫാൻ, റാക്ക്, വാട്ടർ പ്യൂരിഫയർ, പായ, ടേബിൾ ഷീറ്റ് എന്നീ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ 29.11.18 ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഉപകരണങ്ങൾ എല്ലാം കവറിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. 134ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ചുള്ള തണൽ കേന്ദ്രത്തിൽ കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. 109 ാം നമ്പർ അങ്കണവാടിയിൽ തണൽ കേന്ദ്രമായി പണിത മുറിക്ക് ചോർച്ച ഉണ്ട്. അങ്കണവാടി നമ്പർ134 ലെ തണൽ കേന്ദ്രം സാധനങ്ങൾ മുഴുവൻ ഉൾക്കൊള്ളാനാകാത്ത വിധം ചെറുതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സാധനങ്ങൾ എത്രയും വേഗം സ്ഥാപിക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ആവശ്യകതക്കനുസരണമായി വാങ്ങുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നതുവരെ ചെലവ് തുക 247539/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 വയോജന സംഗമം-പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-40/18

ചെക്ക് നമ്പർ നമ്പർ-9108348/27.3.2018 തുക 3000/-രൂപ

വയോജന സംഗമം എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയിൽ ബോധവത്കരണ ക്ലാസുകൾക്ക് മാത്രമാണ് ഈ വർഷം ചെലവ് ചെയ്തിരിക്കുന്നത്. 3.4.2017-ലെ സ.ഉ(എം.എസ്) 80/17 ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 12.7പ്രകാരം ഉത്പാദന പരമല്ലാത്ത പരിപാടികൾ നടത്തുവാൻ പാടില്ല. വയോജനങ്ങൾക്കായി പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സ.ഉ.(എംഎസ്)നം.72/17 തസ്വഭവ. തീയതി 29.3.17 ഉത്തരവിലെ ഖ.13.5 പ്രകാരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗരേഖക്ക് വിരുദ്ധമായി ഏറ്റെടുത്ത പദ്ധതിയുടെ ചെലവ് തുക 3000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 ഭിന്നശേഷിക്കാർക്ക് ഉപകരണ ക്യാമ്പ് -മെഡിക്കൽ ക്യാമ്പ് മാർഗ്ഗരേഖ പ്രകാരം നടത്തിയതിന്റെ രേഖകൾ ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി നമ്പർ-253/18

അടങ്കൽ -പ്ലാൻ ഫണ്ട്-400000/-

ബ്ലോക്ക് വിഹിതം -200000/-

ജില്ലാ വിഹിതം -200000/-

ചെലവ്

ചെക്ക് നമ്പർ-1905960/26.3.2018 തുക 306479/-രൂപ

മേൽ പ്രകാരം തുക ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് കെൽട്രോണിന് കൈമാറിയിട്ടുണ്ട്.

(ഇൻവോയ്സ് നമ്പർ-MKTG/TRD/0131/2017-18/20.3.2018-445754.00രൂപ & ഇൻവോയ്സ് നമ്പർ-MKTG/TRD/0141/2017-18/23.3.2018-256900/-രൂപ). തൻ വർഷം കൈമാറിയത് 306479/-രൂപ ആണ്. തുടർന്ന് 18-19 വർഷത്തേക്ക് സ്പിൽ ഓവറാക്കിയിട്ടുണ്ട്. 3.4.2017-ലെ സ.ഉ(എം.എസ്) 80/17 ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 10.2.1 പ്രകാരം പ്രൊജക്റ്റ് നടത്തുന്നതിന് മുന്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തേണ്ടതാണ്. ഖ.10.2.4പ്രകാരം താലൂക്ക് /ജില്ലാ ആശുപത്രികളിലെ വിദഗ്ദരാണ് ക്യാമ്പ് നടത്തേണ്ടത്. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചതിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതായി രേഖകൾ ഇല്ല. പരിശോധിച്ച ഡോക്ടർമാരുടെ വ്യക്തമായ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ ഉത്തരവിലെ ഖ.10.3.3 പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും ആവശ്യമായ ഉപകരണത്തിന്റെ ലിസ്റ്റ് ലഭിച്ചതിന് ശേഷമേ ഉപകരണങ്ങൾ വാങ്ങാവൂ. ആയതിനാൽ വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ലാതെ നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 അങ്കണവാടി ഫിറ്റ് നസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

8.2.18 ലെ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി മിനിട്സിൽ അങ്കണവാടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ 121 ാംനമ്പർ അങ്കണവാടിക്ക് ഫിറ്റ്നസ് ഇല്ല എന്നത് രേഖപ്പെടുത്തിയിരുന്നു. 29.11.2018 ൽ പ്രസ്തുത അങ്കണവാടി ഓഡിറ്റ് ടീം പരിശോധിച്ചതിൽ ആയത് മാറ്റി സ്ഥാപിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി .പ്രളയ സമയത്ത് വെള്ളം കയറിയ അങ്കണവാടിക്ക് ചോർച്ച ഉള്ളതായും വർക്കർ അറിയിച്ചു. കുട്ടികളുടെ സുരക്ഷയെ മുൻ നിറുത്തി അങ്കണവാടി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 അങ്കണവാടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യനീതി വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സിൽ (തീയതി 25.4.2017) അങ്കണവാടികൾക്കായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. 128ാം നമ്പർ അങ്കണവാടി കെട്ടിടം പുനർനിർമ്മാണം, 112, 132, 135, 120, 119, 105, 109, 113, 134, 137 നമ്പർ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ 117, 121, 137, 127, 115, 113, 112, 132, 111, 147 അങ്കണവാടികൾക്ക് ട്രസ്സ് വർക്ക്, സിങ്ക്, വാഷ്ബെയ്സിൻ, 121, 112, 132, 113, 115 എന്നിവക്ക് ചുറ്റുമതിൽ, 108, 115 ന് വാട്ടർടാങ്ക് 107, 115 എന്നിവയുടെ അടുത്ത് ജലാശയങ്ങളുടെ ഭിത്തി കെട്ടി സംരക്ഷിക്കൽ, 118, 122, 130 എന്നിവക്ക് സ്ഥലം, കെട്ടിടം .സ.ഉ.(എംഎസ്)72/2017/തസ്വഭവ./29.3.2017 ഖ.12.13.2(1)ൽ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പ്രൊജക്ടുകൾ ഉണ്ടാകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി അങ്കണവാടികൾക്കാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

## 3-25 ആശ്രയ ചലഞ്ച് ഫണ്ട് -മരുന്നിനായി വകയിരുത്തിയ തുക ഫലപ്രദമായി ചെലവഴിക്കുന്നില്ല.

പഞ്ചായത്തിന്റെ ആശ്രയ ഒന്നും രണ്ടും പദ്ധതികൾ കാലാവധി പൂർത്തീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സിഡിഎസ് ചെയർപെഴ്സൺ ലഭ്യമാക്കിയ കണക്കുകൾ പരിശോധിച്ചതിൽ അടിസ്ഥാന സൗകര്യങ്ങളായ വീട്, ഭൂമി എന്നിവ മാത്രമാണ് ഫല പ്രദമായി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നടത്തേണ്ട ചികിത്സക്കായി വകയിരുത്തിയ ഫണ്ട് ഒന്നാം വർഷം

10000/-രൂ മാത്രമാണ് ചെലവഴിച്ചത്. 6,44,400/- രൂപ ആണ് ചികിത്സക്കായി വകയിരുത്തിയിരുന്നത്. രണ്ടാം ഘട്ടത്തിൽ 594000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. മാരക രോഗങ്ങളുടെ ചികിത്സക്കായി 396000/- രൂപയും വകയിരുത്തിയിരുന്നു. ആയതും ചെലവഴിച്ചിട്ടില്ല.

ആശ്രയ ക്യാഷ് ബുക്ക് പ്രകാരം ഒന്നാം ഘട്ടം ലഭ്യമായ 1500000/-രൂപ ചലഞ്ച് ഫണ്ടിൽ 205776 രൂപ ബാലൻസ് ഉണ്ട്. രണ്ടാം ഘട്ടം ലഭ്യമായ 333333/-രൂപയിൽ 207519.50 രൂപയും ചെലവഴിച്ചിട്ടില്ല. (പൂവ്വത്തുകടവ് ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നമ്പർ-6178 ൽ ബാലൻസ് 420123 /-രൂപ ആണ്.)

സ.ഉ.(എംഎസ്)നം.72/17 തസ്വഭവ .തീയതി 29.3.17 ഉത്തരവിലെ അനുബന്ധം 4 ഖ 3.3 ൽ ആശ്രയ ആരോഗ്യ സുരക്ഷയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിനനുസൃതമായി ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണം വർക്കിങ്ങ് ഗ്രൂപ്പിന്റെ 16.2.17 ലെ മീറ്റിങ്ങിൽ ചികിത്സാ ധനസഹായം എത്രയും വേഗം ചെലവഴിക്കുവാൻ നിർദ്ദേശം മുന്നോട്ട് വച്ചിരുന്നുവെങ്കിലും യാതൊരു തുടർ നടപടികളും ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടില്ല. സമൂഹത്തിലെ ഏറ്റവും അവശരായവരെയാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് എന്നതിനാൽ ബന്ധപ്പെട്ടവർ ഈ വിഷയത്തിൽ ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## **3-26** സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതികൾ- കാര്യക്ഷമതയില്ലാത്ത നിർവ്വഹണം- അപാകതകൾ

1. 2 സ്പിൽ ഓവർ അടക്കം 3 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

i) 72/17 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ

അടങ്കൽ തുക 160000

ചെലവ് 89700

ട്രഷറി ബിൽ നം 1/21.3.18

ii) 73/17( So) മത്സ്യതൊഴിലാളികൾക്ക് വഞ്ചി

അടങ്കൽ തുക 30000

ചെലവ് 0

iii)187/17 മത്സ്യതൊഴിലാളികൾക്ക് വല നൽകൽ

അടങ്കൽ തുക 300000

ചെലവ് 0

ആകെ അടങ്കൽ 490000

ചെലവ് 89700

ചെലവ് 18% മാത്രമാണ്.

പദ്ധതി നിർവ്വഹണത്തിലെ അലംഭാവത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഫർണീച്ചർ വാങ്ങുന്നതിന് നടത്തിയ ടെണ്ടറിന്റെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു

| ഇനം | പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ | | | |
|---|---|---|---|---|
| | സൂപ്പർ ഷൈൻ | സെൻ ഏജൻസീസ് | കാഡ്കോ | ദീപം |
| Steel table | Type I 3095<br>Type II 2995 | 2950 | 2822 | 2549 |
| Chair | 1295 | 950 | 1422<br>1722<br>1122<br>1422 | 1380<br>1590 |

മേൽപ്പറഞ്ഞ കമ്പനികളിൽ നിന്നും സൂപ്പർഷൈൻ ആളൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും വാങ്ങൽ നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശാനുസരണം കുറഞ്ഞ നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിക്കേണ്ടത്. എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ പരിഗണിച്ചതായി രേഖകളില്ല. ഉദാ. ദീപം ഏജൻസിസ് 2549. സൂപ്പർഷൈൻ ഏജൻസിയുടെ ഉൽപ്പന്നം ഗുണമേന്മയുള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നെഗോസിയേഷൻ വഴി മേശക്ക് 2800 രൂപ, കസേരയ്ക്ക് 1100 രൂപ എന്നീ നിരക്കുകൾ പ്രകാരം വാങ്ങാവുന്നതാണെന്ന് ഫിഷറീസ് ഇൻസ്പെക്ടർ 4.2.18 ലെ കത്തുമുഖേന സെക്രട്ടറിയെ അറിയിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും വാങ്ങൽ തീരുമാനം അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉൽപ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ആധികാരികതയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഈ വിഷയത്തിൽ വിശദാംശങ്ങളോടുകൂടിയ തീരുമാനം എടുത്തിട്ടില്ല.

3. 93 പേർ ഉൾപ്പട്ട ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 24 അപേക്ഷകൾ ലഭിച്ചതിൽ 20 പേർക്ക് നൽകാനാവുന്നതാണെന്ന് ഫിഷറീസ് ഇൻസ്പെക്ടർ 26.1.18 ന സെക്രട്ടറിക്ക് നൽകിയ കത്തിൽ പറയുന്നു. എന്നാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റു രേഖ/ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ എത്ര പേർക്ക് വിതരണം നടത്തിയെന്നും ആയതിന്റെ സാധുതയും പരിശോധിക്കാനായിട്ടില്ല. സൂപ്പർഷൈൻ ഏജൻസീസിന്റെ 14.2.18 ലെ 034 നം ബിൽ പ്രകാരം 23 വീതം കസേര, മേശ എന്നിവയുടെ വില 89700 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. പർച്ചേസ് ബില്ലിൽ സ്റ്റോക്ക് എൻടി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ഫർണീച്ചർ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. പദ്ധതി നം 73,187 നിർവ്വഹണം നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2016-17 പദ്ധതി നിർവ്വഹണത്തിലെ അലംഭാവത്തിന് ഫിഷറീസ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയെ താക്കീത് ചെയ്തതായി 17.7.17 ലെ 2(8) ാം നമ്പർ ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 ലും ഈ പ്രവണത തുടരുന്നതായി കാണുന്നു.

5. മത്സ്യതൊഴിലാളികൾക്ക് വഞ്ചി എന്ന പദ്ധതി പ്രകാരം ചെലവു വന്നിട്ടില്ല. ഫിഷറീസ് ഇൻസ്പെക്ടർ 16.2.18 ന് സെക്രട്ടറിക്ക് നൽകിയ കത്തിൽ മേൽപദ്ധതിയുടെ ഗുണഭോക്താവായ ശ്രീ ദാസൻ ചെട്ടിപ്പറമ്പലിന് വേണ്ടി പണിഉവച്ചിരുന്ന വഞ്ചി എടവിലങ്ങ് പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിന് നൽകിയതായി പറയുന്നു. ടി കത്ത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവുതുക 89700/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-27 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് - പദ്ധതി തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ്ജ് ഈടാക്കുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതി നം. 131/17-18 പ്രകാരം 150000 രൂപയ്ക്ക് ആലപ്പുഴയിലെ ഹോംകോ യിൽ നിന്നും മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ട്രഷറി ബിൽ നം.1 തിയ്യതി 26.10.17 പ്രകാരം തുക കൈമാറി. (ഹോം കോ കൈപ്പറ്റ രശീതി നം.3761 തിയതി 20.11.17 ) 12.6.18 ലെ ഇൻവോയ്സ് നം LF482 പ്രകാരം മരുന്നുകൾ ലഭ്യമായി. എന്നാൽ ഈ തുകയിൽ നിന്നും ആകെ 5065 രൂപ ഫ്രൈറ്റ് ചാർജ്ജ് ഈടാക്കിയതായി കാണുന്നു. ആയുർവ്വേദ മരുന്ന് നൽകുന്ന ഔഷധി തുടങ്ങിയ സ്ഥാപനങ്ങൾ ഇത്തരത്തിൽ ചാർജ്ജ് ഈടാക്കുന്നില്ല. ഇപ്രകാരം ചരക്കുകൂലി ഈടാക്കുന്നതിനാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാകുന്നില്ല. കൂടാതെ മരുന്നു വിതരണം സംബന്ധിച്ച് ഹോംകോയുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽപറഞ്ഞ നിർദ്ദേശം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഇക്കാര്യത്തിൽ ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-28 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഫയലിൽ രേഖപെടുത്തിയതായി കണ്ടില്ല. സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ വിവരം, ബിറ്റുമിൻ വാങ്ങിയതിന്റെ യഥാർത്ഥ ബില്ലുകൾ പൂർണമായും ബന്ധപെട്ട പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവയിൽ സ്പിൽ ഓവർ ഉൾപെടെയുള്ള പ്രവൃത്തികളിൽ CST എസ്റ്റിമേറ്റിൽ ഉൾപെടുത്തുകയോ കരാറുകാരനു നൽകുകയോ ചെയ്തിട്ടില്ല. കരാറുകാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ പൂർണമായി ഫയലിൽ ഇല്ല. ഫയലുകളിലെ പേജുകൾ നമ്പറിടുകയോ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവ വേർതിരച്ച് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. G.O.(P) NO 84/97/PW&T തിയ്യതി 19-8-1997 പ്രകാരം കരാറുകാരന് കരാർ അനുസരിച്ച് അനുവദനീയമായ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, കാലതാമസം കോൺട്രാക്ടറുടേതായ കാരണത്താൽ അല്ലെങ്കിൽ കരാർ കാലയളവിന്റെ 20% സമയം ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്. ഇത് കഴിഞ്ഞുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന 3 മാസങ്ങൾക്ക് 2%വീതവും പിഴ ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ പിഴ ഈടാക്കാത്തതിനാൽ നഷ്ടമുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് അനുബന്ധ കരാറിൽ ഏർപെടുകയോ കാലാവധി നീട്ടി നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുത്തതായോ ഫയലിൽ രേഖപെടുത്തിയിട്ടില്ല. ആയതിനാൽ ഇത് ബന്ധപെട്ടവരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറിലേർപെട്ട തുക | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | കാലതാമസം | പിഴ1+2% |
|---|---|---|---|---|---|---|
| 1 | എ.കെ.ജി. | 3,56,000 | 3.7.17 | 2.3.18 | 8 മാസം | 890+2967 |

| | | | | | | |
|---|---|---|---|---|---|---|
| | പുതുമനപറമ്പ് റോഡ് | | | | | =3857 |
| 2 | പകൽവീട് ഭൗതിക സാഹചര്യം ഒരുക്കൽ | 5,49,900 | 30.9.17 | 16.3.18 | 5 മാസം 16 ദിവസം | 137I+2290 =3661 |
| 3 | പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് കെട്ടിടം അറ്റകുറ്റപണി. | 2,00,000 | 30.7.17 | 22.3.18 | 5 മാസം 22 ദിവസം | 500+898 =1398 |
| | ആകെ | | | | | 8916 |

## 3-29 മരാമത്ത് പ്രവൃത്തികൾ–അവലോകനം.

1.പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനായില്ല.

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത് /ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 92 | 63 | 68% |
| തുക | 41330542 | 22504459 | 54% |

അംഗീകാരം കിട്ടിയ 92 പ്രൊജക്ടുകളിൽ 63 പ്രൊജക്ടുകളിലാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 54% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.47 പദ്ധതികൾ സ്പിൽ ഓവറാണ്.

2.പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. പ്രസ്തുത രേഖകൾ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

3.സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് ജി.ഒ.(എം.എസ്) 72/2017/തസ്വഭവ , തിയതി 29.3.2017 ലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല.

4.പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് നിർമ്മാണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടവയാണ്. റോഡ് പ്രവൃത്തികളിൽ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണക്കാക്കാതെ വാർഡ് തലത്തിൽ ഫണ്ട് വീതം വയ്ക്കുന്ന പ്രവണത കാണുന്നു. തത്ഫലമായി ചെറിയ റോഡുകൾ പോലും മുഴുവനായി ഏറ്റെടുക്കാതെ ഘട്ടം ഘട്ടമായി ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ.നം. | പ്രവൃത്തിയുടെ പേര് | ആകെ നീളം | ചെയ്ത നീളം |
|---|---|---|---|---|

| | | | ആസ്തി രജിസ്റ്റർ പ്രകാരം (മീറ്ററിൽ ) | (മീറ്ററിൽ) |
|---|---|---|---|---|
| 1 | 104 /18 | ചാണാടി അമ്പലം പുതുമന ലിങ്ക് റോഡ് ടാറിംഗ് വാർഡ് 15 | 400 | 183 |
| 2 | 107 /18 | 108 - ാം നം അംഗൻവാടി റോഡ് ടാറിംഗ് വാർഡ് 4 | 320 | 70 |
| 3 | 102 /18 | റീടാറിംഗ് മുള്ളൻബസാർ -പത്താഴക്കാട് റോഡ് വാർഡ് 17 | 600 | 500 |
| 4 | 103 /18 | ചാണാടി ടെമ്പിൾ റോഡ് റീ ടാറിംഗ് വാർഡ് 16 | 400 | 250 |
| 5 | 115/ 18 | മാന്തുരുത്തിക്കടവ് വാട റോഡ് റീ ടാറിംഗ് വാർഡ് 11 | 385 | 330 |
| 6 | 114 /18 | തണ്ണിതോട് റോഡ് റീ ടാറിംഗ് വാർഡ് 11 | 350 | 102 |
| 7 | 112 /18 | 26-ാം കല്ല് ഗാന്ധി ശതാബ്ദി റോഡ് റീ ടാറിംഗ് വാർഡ് 9 | 900 | 600 |
| 8 | 100 /18 | മല്ലന്തറ റോഡ് ടാറിംഗ് വാർഡ് 9 | 450 | 200 |

5.രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

ടാറിംഗ് നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരൻ/ കൺവീനർ ടാർ വാങ്ങിയതിന്റെ ബില്ല്

ഫയലിൽ സൂക്ഷിക്കണം എന്ന് നിർദേശമുണ്ടെങ്കിലും ബഹുഭൂരിപക്ഷം മരാമത്ത് പ്രവൃത്തി ഫയലിലും ഇത്തരത്തിൽ ടാർ വാങ്ങിയതിന്റെ ബില്ല് സൂക്ഷിച്ചിട്ടില്ല.കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കാതെയും , കരാറിൽ പിഴ സംബന്ധിച്ച വ്യവസ്ഥകൾ ശരിയായി ഉൾപ്പെടുത്താതെയും കരാർ ചമച്ചത് ശരിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

6.പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് നിർവ്വഹണത്തിന്റെ ആരംഭം മുതൽ അവസാനം വരെ തുടർച്ചയായി മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ അതത് മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരാകുമെന്നതിനാൽ, പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമയത്ത് വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മറ്റൊരു അംഗത്തെ കൺവീനർ ആയി നിയമിക്കണമെന്ന് മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം നിർവ്വഹണം നടത്തിയ ഒരു മരാമത്ത് പ്രൊജക്ട് പോലും വർക്കിംഗ് കമ്മിറ്റി മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ എവിടേയും മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ട് വെച്ചിട്ടുണ്ടെങ്കിലും ഇതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും ഒപ്പുകൾ മാത്രമാണ് ഉള്ളത്. ആയതിനാൽ മോണിറ്ററിംഗ് യഥാവിധി നടന്നിട്ടില്ല എന്നത് വ്യക്തമാണ്.

മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| | | 999100 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 999100 | 0 |
| | | 200000 | എസ്.സി.സൈക്കിൾ | 149400 | 50600 |
| | | 800000 | ക്ഷീരം സബ്സിഡി | 784135 | 15865 |
| | | 200000 | പാലിയേറ്റീവ് കെയർ | 124800 | 75200 |
| | | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണം | 106479 | 93521 |
| | | 500000 | വൃദ്ധർക്ക് കട്ടിൽ | 500000 | 0 |
| | | 50000 | ഇക്കോ ഷോപ്പ് | 0 | 50000 |
| | | 30000 | എസ്.സി.സൈക്കിൾ | 0 | 30000 |
| | OB | | പകൽ വീട് | | 99900 |

| | | | | | |
|---|---|---|---|---|---|
| | | | പാലിയേറ്റീവ് കെയർ | | 9360 |
| ജില്ലാ പഞ്ചായത്ത് | | | | | |
| | 2017-18 | 250000 | അംഗൻവാടി പോഷകാഹാരം | 250000 | 0 |
| | | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണം | 200000 | 0 |
| | | 500000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 500000 | 0 |
| | | 250000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 510000 | ലൈഫ് ഭവനപദ്ധതി | 475000 | 35000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 20-വാർഡിൽ കുടിവെള്ള കണക്ഷൻ | 21701048 | 32000 | 0 | 32000 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701106 | 979000 | 0 | 979000 |
| KSEB | അമ്പലനട മുൻവശം ലൈൻ ഉയർത്തൽ | 21701057 | 14400 | 0 | 14400 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701113 | 1741390 | 0 | 1741390 |
| | | 21701110 | 47800 | 47800 | 0 |
| | | 21701111 | 255250 | 0 | 255250 |
| | | 21701303 | 33000 | 0 | 33000 |
| | | 21701302 | 65500 | 0 | 65500 |
| | | 21701436 | 330940 | 0 | 330940 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 21701305 | 39520 | 0 | 39520 |
| | | 21701413 | 16556 | 0 | 16556 |

| | | | | | |
|---|---|---|---|---|---|
| | | 21701446 | 363000 | 0 | 363000 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21700777 | 500000 | 0 | 500000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പാ പദ്ധതി | സ.ഉ31221/d.b.1/14 ത.സ്വ.ഭവ തീ.10.06.14 | 12600000 | 8509406 | 12600000 | 766365 | 7249406 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14157436 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| പലിശ | 1286815 |
| ആകെ | 20444251 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20444251 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 150 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2.2 | 150 | രവീന്ദ്രൻ,വി.ആർ ഹെഡ്ക്ലർക്ക് | 117130101594/13.07.2017 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93518481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104648889 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5854 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4889048 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 854 | രാജീവ് ,വിഇഒ പിവെമ്പല്ലൂർ |
| 3-9 | | 5000 | ,, ,, |
| ആകെ | | 5854 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15 | 18000 | ഹെഡ്മിസ്ട്രസ് കെ.ജെ.ഓമന |
| 3-17 | 150000 | ,, |
| 3-18 | 49500 | ,, |
| 3-19 | 4024830 | രാംദാസ്.കെ.എസ് ,സെക്രട്ടറി |
| 3-20 | 247539 | ഹേമലത.പി.എൻ,ഐസിഡിഎസ് സൂപ്പർവൈസർ |
| 3-21 | 3000 | ,, |
| 3-22 | 306479 | ,, |
| 3-26 | 89700 | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

| | | |
|---|---|---|
| ആകെ | 4889048 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജീവ്, വി.ഇ.ഒ പി.വെമ്പല്ലൂർ | വിഇഒ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | പെരുംപുള്ളി വീട്, കൊട്ടുങ്ങല്ലൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1978-79 | എൽഎഫ് ടി (എസ്2)-1366/12/20.10.11 /01.02.12 | |
| 1979-80 | | |
| 1980-81 | | |
| 1981-82 | | |
| 1982-83 | | |
| 1983-84 | | |
| 1985-86 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1995-96&1996-97 | എൽഎഫ് ടി-11-372/98 /7.12.98 | |
| 1997-98 | എൽഎഫ് ടി19-1587/99 | |

| | | |
|---|---|---|
| | /9.6.2000/5.9.2000 | |
| 1998-99 | എൽഎഫ് ടി -12-502/94 /16.04.04 | |
| 99-00&01-02(പ്ളാൻ) | എൽഎഫ് ടി -12-1105/03 /3.10.03 | |
| 99-00 | എൽഎഫ് ടി -12-2060/04 /5.4.05 | |
| 00-01 | എൽഎഫ് ടി -12-226/08 /20.7.09 | |
| 01-02 | എൽഎഫ് ടി 12-227/08 /20.07.09 | |
| 02-03 | എൽഎഫ് ടി 12-228/08 /20.07.09 | |
| 03-04 | എൽഎഫ് ടി 12-229/08 /20.07.09 | |
| 04-05 | എൽഎഫ് ടി 12-61/05 /21.12.09 | |
| 05-06 | എൽഎഫ് ടി 12-580/10 /27.1.2011 | |
| 06-07 | എൽഎഫ് ടി 12-581/10 /27.01.11/7.6.2011 | |
| 07-08മുതൽ2010-11വരെ | എൽഎഫ് ടി (പി3) 1633/12/15.12.12/13.3.13 | |
| 2011-12 | എൽഎഫ് ടി (പി3) 1938/13/6.2.14/8.4.14 | |
| 12-13 | എൽഎഫ് ടി (പി3) 1034/2014/10.10.14 /5.1.15 | |
| 13-14,14-15 | കെ.എസ്.എ.ടി.എസ്.ആർ.(പി3)367/16 /23.03.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3)-107/2017 /28.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1648/17/28.11.2017 /29.12.2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ